# ഉന്നതി

യാഥാർത്ഥ്യമാക്കാം ഒരു ജനതയുടെ ഉന്നമനം

കേരള സർക്കാർ

ജൂലൈ-ആഗസ്റ്റ് 2024 പുസ്തകം - 2 ലക്കം - 5

പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രസിദ്ധീകരണം





## പട്ടികവർഗക്കാരുടെ ചികിത്സാസഹായം ഇനി ഓൺലൈനിൽ

# ഉന്നതിക്ക് ഉണർവ്വേകിയ മുഖാമുഖം

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ വിജയത്തിളക്കം

## മൂന്നാം വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് പുറത്തിറക്കി കേരള സർക്കാർ

# വായിക്കുക വരിക്കാരാകുക...

# ഉന്നതി

യാഥാർത്ഥ്യമാക്കാം ഒരു ജനതയുടെ ഉന്നമനം













## പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രസിദ്ധീകരണം

ചീഫ് പബ്ലിസിറ്റി ആഫീസ്, എസ്.സി. വികസന വകുപ്പ്, അയ്യൻകാളി ഭവൻ, കനക നഗർ,
കവടിയാർ പി.ഒ., വെള്ളയമ്പലം, തിരുവനന്തപുരം 695003 ഫോൺ: 0471-2737213, 2737214
Email: unnathimasika.cpo@gmail.com Office: cposcdd@gmail.com



# എഡിറ്റോറിയൽ

ജൂലൈ-ആഗസ്റ്റ് 2024
പുസ്തകം-2 ലക്കം-5

ഉന്നതി ദ്വൈമാസികയുടെ പുതിയ ലക്കം വൈവിധ്യമാർന്ന വിഭവങ്ങളാൽ സമ്പന്നമാണ്. പട്ടികജാതി, പട്ടിക വർഗ പിന്നാക്കവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഈ സർക്കാർ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു എന്നതിന് സർക്കാർ പുറത്തിറക്കിയ പ്രോഗ്രസ്സ് റിപ്പോർട്ട് തെളിവാണ്.

കേരള ജനതയുടെ ഹൃദയത്തിൽ ഇടം പിടിച്ച നവകേരള സദസിന്റെ തുടർ പരിപാടി എന്ന നിലയിൽ സംഘടിപ്പിക്കപ്പെട്ട മുഖ്യമന്ത്രിയുമായുള്ള മുഖാമുഖം പരിപാടി ഏറെ ശ്രദ്ധേയമായിരുന്നു. പട്ടിക വിഭാഗത്തിൽ പ്പെട്ട സമൂഹത്തിലെ വ്യത്യസ്ത മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച നിരവധി പ്രതിഭകൾ മുഖ്യമന്ത്രിയുമായി സംവദിക്കുകയും അഭിപ്രായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തു. ഇതിനെ സംബന്ധിച്ചുള്ള സചിത്ര റിപ്പോർട്ട് ഈ ലക്കത്തിലുണ്ട്. ബഹു. മന്ത്രി കെ. രാധാകൃഷ്ണൻ ചരിത്രപരമായ ഒരു ഉത്തരവിൽ ഒപ്പുവെച്ചു കൊണ്ടാണ് ചുമതല ഒഴിഞ്ഞത്. പട്ടിക വിഭാഗം ജനങ്ങൾ അധിവസിക്കുന്ന ഇടങ്ങളെ കോളനി എന്ന് വിശേഷിപ്പിക്കപ്പെടാനോ വിളിക്കപ്പെടാനോ പാടില്ല എന്നതായിരുന്നു ഈ ഉത്തരവ്. ഇത് പട്ടിക വിഭാഗം ജനങ്ങൾക്ക് ആത്മവിശ്വാസം നൽകുന്ന ഒരു നടപടിയാണെന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തിന്റ പൊതു മന:സാക്ഷി ഇരു കൈയ്യും നീട്ടിയാണ് ഈ ഉത്തരവ് സ്വീകരിച്ചത്.

ബഹു. ഒ.ആർ. കേളു നമ്മുടെ മന്ത്രിയായി ചുമതലയേറ്റു. അദ്ദേഹത്തിന് ഉന്നതി ദ്വൈമാസികയുടെ ആശംസകൾ അറിയിക്കുന്നു. പട്ടിക വർഗക്കാരുടെ ചികിത്സാ സഹായ വിതരണ നടപടികൾ ഓൺലൈനായി നടപ്പാക്കാനുള്ള തീരുമാനമാണ് അദ്ദേഹം ആദ്യമായി കൈക്കൊണ്ടത്.

കഴിഞ്ഞ അധ്യയന വർഷത്തിൽ നമ്മുടെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിജയ ശതമാനം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതിനെ സംബന്ധിച്ചുള്ള റിപ്പോർട്ടും ഈ ലക്കത്തിലുണ്ട്. ഒപ്പം സ്ഥിരം പംക്തികളും വകുപ്പുമായി ബന്ധപ്പെട്ട വാർത്തകളും ഉൾപ്പെടുത്തിയിരിക്കുന്നു.

**കെ. ഗോപാലകൃഷ്ണൻ ഐ.എ.എസ്**
(ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്)

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും
ഉന്നതി: ചീഫ് പബ്ലിസിറ്റി ആഫീസ്, എസ്.സി. വികസന വകുപ്പ്, അയ്യൻകാളി ഭവൻ, കനക നഗർ, കവടിയാർ പി.ഒ., വെള്ളയമ്പലം, തിരുവനന്തപുരം 695003
ഫോൺ: 0471-2737213, 2737214 Email: unnathimasika.cpo@gmail.com Office: cposcdd@gmail.com

ഉന്നതി
യാഥാർത്ഥ്യമാക്കാം ഒരു ജനതയുടെ ഉന്നമനം

**എഡിറ്റോറിയൽ ബോർഡ്**

ചെയർമാൻ
**ഒ.ആർ കേളു**
(പട്ടികജാതി/പട്ടികവർഗ,
പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി)

ചീഫ് എഡിറ്റർ
**കെ. ഗോപാലകൃഷ്ണൻ ഐ.എ.എസ്**
(ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്)

അസോസിയേറ്റ് എഡിറ്റേഴ്സ്
**ഡി.ആർ. മേഘശ്രീ ഐ.എ.എസ്.**
(ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്)

**ജോൺ വി. സാമുവേൽ ഐ.എ.എസ്.**
(ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്)

എഡിറ്റർ
**രാജേഷ് ചിറപ്പാട്**

അസിസ്റ്റന്റ് എഡിറ്റേഴ്സ്
**സുരേഷ് ഗോപി**
**ഡോ. സരിത അഭിരാമം**

മാനേജർ
**ജോൺ നൈനാൻ**
(ചീഫ് പബ്ലിസിറ്റി ഓഫീസർ)

കോ-ഓർഡിനേറ്റിംഗ് എഡിറ്റേഴ്സ്
**വി. സജീവ്**
(അഡീ. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്)

**ജോസഫ് ജോൺ**
(ജോയിന്റ് ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്)

ജില്ലാ പ്രതിനിധികൾ:

| | | |
|---|---|---|
| തിരുവനന്തപുരം | : | മീനറാണി എസ് |
| കൊല്ലം | : | ബിന എസ്.എസ് |
| പത്തനംതിട്ട | : | ഇ.എസ്. അംബിക |
| ആലപ്പുഴ | : | എം.എസ് സുനിൽ (ഇൻചാർജ്ജ്) |
| കോട്ടയം | : | എം.എസ് സുനിൽ |
| ഇടുക്കി | : | സാജു ജേക്കബ് |
| എറണാകുളം | : | കെ. സന്ധ്യ |
| തൃശ്ശൂർ | : | ലിസാ ജെ. മങ്ങാട് |
| പാലക്കാട് | : | കുമാരി ശ്രീജ കെ.എസ് |
| മലപ്പുറം | : | മണികണ്ഠൻ കെ |
| കോഴിക്കോട് | : | കെ.പി. ഷാജി |
| വയനാട് | : | ജി. ശ്രീകുമാർ (ഇൻചാർജ്ജ്) |
| കണ്ണൂർ | : | മനോഹരൻ കെ |
| കാസറഗോഡ് | : | കെ.വി. രവിരാജ് |


# ഉള്ളടക്കം



04 ഒ ആർ കേളു മന്ത്രിയായി ചുമതലയേറ്റു

05 പട്ടികവർഗക്കാരുടെ ചികിത്സാ സഹായം ഇനി ഓൺലൈനിൽ

06 ഇനി 'കോളനി'കളില്ല

08 ഉന്നതിക്ക് ഉണർവ്വേകിയ 'മുഖാമുഖം'




10 കരുതലിന്റെ പദ്ധതികൾ
പിണറായി വിജയൻ

11 ലക്ഷ്യം അതിദരിദ്രരില്ലാത്ത കേരളം
കെ രാധാകൃഷ്ണൻ

16 മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ വിജയത്തിളക്കം
ഷിന സുകുമാരൻ

20 **കഥ**
അജണ്ട
സുരേഷ്ദേവ് മുഖത്തല

24 **കവിത**
മഴച്ചായ
സുരേഷ് നാരായണൻ

25 പട്ടികജാതി
വിഭാഗങ്ങൾക്ക്
നൈപുണ്യ കോഴ്സ്




26 **മസ്റ്റ് റീഡ് ബുക്ക്**
സാമൂഹ്യനീതിയുടെ
ചിന്തയും പ്രയോഗവും
ഡോ. ഒ.കെ സന്തോഷ്

28 **ഭരണഘടനയെ അറിയുക**
ഭരണഘടനയും
സുപ്രീം കോടതിയും
ഡോ. അഭയചന്ദ്രൻ കെ

31 ഉന്നതി സ്റ്റുഡന്റ്സ്
ക്ലബ്ബുകൾക്ക് തുടക്കം



32 **ഇന്ത്യൻ യാത്രകൾ**
ഷാംപൂർകണ്ടി
ഗ്രാമത്തിലെ സായാഹ്നം
രാധാകൃഷ്ണൻ ചെറുവല്ലി

35 **പ്രാക്തനം**
നങ്ക അങ്ങാടി
സുരേഷ് ഗോപി

36 **മൂവി തോട്ട്സ്**
ചലച്ചിത്രഭാഷയെ
പുതുക്കിപ്പണിത
കുമാർ സഹാനി
രാജേഷ് കെ എരുമേലി

43 **വിജ്ഞാന**
**ഉന്നതി**

44 **ജൂനിയർ ഉന്നതി**
സുഗതകുമാരി വി കെ
ആശ എം



# ഒ ആർ കേളു മന്ത്രിയായി ചുമതലയേറ്റു

പട്ടികജാതിപട്ടിക വർഗ, പിന്നാക്ക ക്ഷേമ മന്ത്രിയായി ഒ.ആർ കേളു സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. രാജ്ഭവനിൽ ഗവർണർ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ പൂച്ചെണ്ടു നല്കി സ്വീകരിച്ചു. സ്പീക്കർ എ.എൻ ഷംസീർ, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് സെക്രട്ടറി, തുടങ്ങിയവർ സന്നിഹിതരായിരുന്നു. തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ ഇടയൂർക്കുന്ന് വാർഡിൽനിന്ന് 2000ൽ ഗ്രാമപഞ്ചായത്ത് അംഗമായാണ് തുടക്കം. തുടർന്ന് 2005 മുതൽ 10 വർഷം തിരുനെല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്നു. പിന്നീട് 2015 ൽ തിരുനെല്ലി ഡിവിഷനിൽ നിന്നും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് അംഗമായി. 2016 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ വയനാട് ജില്ലയിലെ മാനന്തവാടി മണ്ഡലത്തിൽ നിന്ന് നിയമസഭാംഗമായി. 2021 ലും ഈ മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടു.

പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ ജനപ്രതിനിധിയായും സമൂഹത്തിലെ അടിസ്ഥാന ജനതയുടെ ഉന്നതിക്കു വേണ്ടി മൂന്നു പതിറ്റാണ്ടു കാലത്തെ പ്രവർത്തന പരിചയവുമുള്ള ജനകീയവ്യക്തിത്വമാണ് അദ്ദേഹം.



മന്ത്രി ഒ ആർ കേളു കുടുംബ സമേതം




മന്ത്രി ഒ ആർ കേളു ചുമതലയേൽക്കുന്നു

# പട്ടികവർഗക്കാരുടെ ചികിത്സാ സഹായം ഇനി ഓൺലൈനിൽ

പട്ടിക വർഗക്കാരുടെ ചികിൽസാ സഹായ വിതരണ നടപടികൾ ഓൺലൈൻ വഴി നടപ്പാക്കാൻ മന്ത്രി ഒ ആർ കേളുവിന്റെ ആദ്യ തീരുമാനം. മന്ത്രിയായി ചുമതല യേറ്റശേഷം വകുപ്പ് അധ്യക്ഷന്മാ രും ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ യോഗത്തിലാണ് ജനങ്ങൾക്ക് കൂടുതൽ സഹായക രമായ തീരുമാനമെടുത്തത്.

ചികിൽസാ സഹായ വിതരണ നട പടികൾ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും നടപ്പാക്കുന്നതി ന് ഇത് സഹായിക്കും.

പട്ടികജാതി പട്ടികവർഗ പിന്നോ ക്ക വിഭാഗങ്ങളുടെ ക്ഷേമത്തിന് മുൻഗണന നൽകി പ്രവർത്തിക്കു മെന്ന് മന്ത്രി അറിയിച്ചു. വന്യജീവി പ്രശ്നങ്ങളിൽ ശാശ്വതപരിഹാരം കാണും. വയനാട് മെഡിക്കൽ കോളേജിന് കൂടുതൽ പരിഗ ണന നൽകും - മന്ത്രി വ്യക്ത മാക്കി.

മന്ത്രിയുടെ ഓഫീസ് സെക്രട്ടേ റിയേറ്റ് നോർത്ത് ബ്ലോക്കിലെ ഒന്നാം നിലയിലാണ്. വിലാസം റൂം നമ്പർ 118, ഒന്നാം നില, നോർത്ത് ബ്ലോക്ക്, സെക്രട്ടേറി യേറ്റ്, തിരുവനന്തപുരം 695 001. ഫോൺ 0471 2518594



# ഇനി 'കോളനി'കളില്ല

കേരളത്തിലെ പട്ടിക വിഭാഗം മനുഷ്യർക്ക് ആത്മവിശ്വാസം പകർന്ന് സർക്കാരിന്റെ ചരിത്രപരമായ ഉത്തരവ് പുറത്തിറങ്ങി. പട്ടികജാതി പട്ടിക വർഗ വിഭാഗക്കാർ അധിവസിക്കുന്ന ഇടങ്ങളെ കോളനി, ഊര് സങ്കേതം തുടങ്ങിയ പേരുകൾ ഉപയോഗിക്കരുതെന്ന ഉത്തരവിലാണ് മന്ത്രി കെ. രാധാകൃഷ്ണൻ അവസാനമായി ഒപ്പുവെച്ചത്.

നഗർ, ഉന്നതി, പ്രകൃതി പോലുള്ള ഏവർക്കും സ്വീകാര്യമായ പേരുകളും ഉത്തരവിൽ ശുപാർശ ചെയ്യുന്നുണ്ട്. നിലവിൽ വ്യക്തികളുടെ പേരിലുള്ള സ്ഥലങ്ങൾ അങ്ങനെ തന്നെ അറിയപ്പെടും. അതിനോട് ചേർത്ത് കോളനി എന്ന വാക്ക് ഉപയോഗിക്കാൻ പാടില്ല. ഇനി വ്യക്തികളുടെ പേരുകളും ഒഴിവാക്കുന്നതാണ് ഉചിതമെന്നും ഉത്തരവിൽ പറയുന്നു.

കേരള നവോത്ഥാന ചരിത്രത്തിലെ ധീരനായ പോരാളി മഹാത്മ അയ്യൻകാളിയുടെ 83ാം ഓർമ്മദിനത്തിലാണ് ഈ ഉത്തരവ് പുറത്തിറങ്ങിയത്.

'അടിമത്തത്തെ സൂചിപ്പിക്കുന്ന പദമാണ് കോളനി. അരികുവല്ക്കരിക്കപ്പെട്ടവരുടെ ഉന്നതിക്കുവേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി കൊണ്ടിരിക്കുന്ന സർക്കാരാണിത്. അതിന്റെ തുടർച്ചയാണ് ഈ ഉത്തരവെന്ന് മന്ത്രി കെ. രാധാകൃഷ്ണൻ പറഞ്ഞു.

കേരളത്തിലെ പൊതു സമൂഹം ഈ ഉത്തരവിനെ ആവേശത്തോടെയാണ് സ്വീകരിച്ചത്. സോഷ്യൽ മീഡിയയും അച്ചടി ദൃശ്യ മാധ്യമങ്ങളും സർക്കാരിന്റെ ഈ നിലപാടിനെ അഭിനന്ദിച്ചു കൊണ്ട് വലിയ പ്രാധാന്യത്തോടെയാണ് വാർത്ത നല്കിയത്.

സമീപകാലത്ത് സോഷ്യൽ മീഡിയ ഉൾപ്പടെയുള്ള ഇടങ്ങളിൽ കോളനി എന്നത് വ്യക്തികളെ അധിക്ഷേപിക്കാനുള്ള ഒരു വാക്കായാണ് ഉപയോഗിച്ചു വരുന്നത്. അതിൽ ജാതീയമായ അധിക്ഷേപത്തിന്റെയും വിദ്വേഷത്തിന്റെയും നിഴൽ വീണു കിടന്നിരുന്നു.

അതുകൊണ്ട് ചരിത്രപരമായ ഈ ഉത്തരവ് ഇത്തരം അധിക്ഷേപങ്ങൾക്കും വിദ്വേഷങ്ങൾക്കുമെതിരെയുള്ള ധീരമായ നിലപാടായി മാറും.



# ഉന്നതി എംപവർമെന്റ് സൊസൈറ്റി ഓഫീസ് ഉദ്ഘാടനം ചെയ്തു

ഉന്നതി എംപവർമെന്റ് സൊസൈറ്റി ഓഫീസ് നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നോളേജ് സിറ്റി പ്രഖ്യാപനവും തിരുവനന്തപുരം മണ്ണന്തല അംബേദ്കർ ഭവനിൽ മന്ത്രി കെ. രാധാകൃഷ്ണൻ നിർവ്വഹിച്ചു. വി.കെ പ്രശാന്ത് MLA അദ്ധ്യക്ഷനായി. പട്ടികജാതി പട്ടിക വർഗ വകുപ്പ് ഡയറക്ടർ കെ. ഗോപാലകൃഷ്ണൻ IAS സ്വാഗതം ആശംസിച്ചു.

പട്ടിക വർഗ വികസന വകുപ്പ് ഡയറക്ടർ മേഘ ശ്രീ IAS, സ്റ്റാർട്ട് അപ് മിഷൻ സി.ഇ.ഒ അനൂപ് അംബിക, വാർഡ് കൗൺസിലർ വനജ രാജേന്ദ്ര ബാബു എന്നിവർ സംസാരിച്ചു. പട്ടികജാതി വികസനവകുപ്പ് അഡീ. ഡയറക്ടർ വി.സജീവ് നന്ദി പറഞ്ഞു.

# വികസനവെളിച്ചം

## ആദിവാസി മേഖലകളിലേക്ക്



പട്ടികവർഗ വികസന വകുപ്പ് '6.2 കോടി രൂപ മുടക്കി അട്ടപ്പാടിയിലെ വിദൂര ആദിവാസി മേഖലകളായ തടി കുണ്ട് ,മുരുഗള, കിണറ്റുകര, താഴെ ആനവായ് , മേലെ ആനവായ് , കടുകുമണ്ണ എന്നിവിടങ്ങളിലേക്കുള്ള വൈദ്യുതീകരണ പ്രവർത്തികൾ പൂർത്തിയായി. ചിണ്ടക്കിയിൽ നിന്ന് 15 കിലോമീറ്റർ മണ്ണിനടിയിൽ കൂടി കേബിളിലൂടെയാണ് 11 കെ.വി സപ്ലൈ എത്തിച്ചിരിക്കുന്നത്. നാലു വിതരണ ട്രാൻസ്ഫോർമറുകൾ, 8547 മീറ്റർ ലോ ടെൻഷൻ എബിസി എന്നിവയാണ് വിതരണ ശൃംഖലയിൽ ഉള്ളത്. 206 എ ടൈപ്പ് ഇരുമ്പ് തൂണുകളും, 145 കോൺക്രീറ്റ് തൂണുകളും ആണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.



# ഉന്നതിക്ക് ഉണർവ്വേകിയ 'മുഖാമുഖം'

### സമൂഹത്തിലെ വ്യത്യസ്ത മണ്ഡലങ്ങളിലെ നിരവധിപേർ പങ്കെടുത്തു

മുഖ്യമന്ത്രിയും മന്ത്രിമാരും 140 മണ്ഡലങ്ങളിലൂടെ നടത്തിയ നവകേരളസദസ്സിന്റെ തുടർപ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനായി സമൂഹത്തിലെ വ്യത്യസ്ത മേഖലകളിലെ ജനങ്ങളുമായി നടത്തിയ മുഖാമുഖം പരിപാടി ക്രിയാത്മകമായ നിർദ്ദേശങ്ങളാലും നിരീക്ഷണങ്ങളാലും സമ്പന്നമായിരുന്നു. പട്ടികജാതി-പട്ടികവർഗ സമൂഹങ്ങളുടെ ഉന്നതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി പിണറായി വിജയനുമായുള്ള മുഖാമുഖം കണ്ണൂരിൽ നടന്നു. മന്ത്രി കെ രാധാകൃഷ്ണൻ, അധ്യക്ഷനായി.

പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിന്റെ ഉന്നമനത്തിനായി സവിശേഷ ശ്രദ്ധപുലർത്തുന്ന ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിപകരുന്ന ആശയങ്ങളും നിരീക്ഷണങ്ങളും മുഖാമുഖം പരിപാടിയിൽ ഉയർന്നുവന്നു. മുഖാമുഖത്തിൽ ഈ വിഭാഗങ്ങളിലെ വ്യത്യസ്ത മേഖലയിൽ പ്രവർത്തിക്കുന്നവർ പങ്കാളികളായി. വിജ്ഞാന സമൂഹത്തെ വാർത്തെടുക്കുന്ന പ്രവർത്തനങ്ങളിൽ പട്ടികജാതി-പട്ടികവർഗ സമൂഹത്തെ പങ്കാളികളാക്കുവാനുള്ള പദ്ധതികളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. നവോത്ഥാനത്തിനും പുരോഗമനമുന്നേറ്റങ്ങൾക്കും സാക്ഷിയായ നമ്മുടെ



നാട്ടിൽ ഭൂമിക്കുവേണ്ടി സമരം ചെയ്തവരെ വെടിവെച്ചുകൊന്ന മുത്തങ്ങ സംഭവം നിർഭാഗ്യകരമായെന്നും സമരത്തിൽ പങ്കെടുത്ത 37 കുടുംബങ്ങൾക്ക് ഈ സർക്കാർ ഒരേക്കർ ഭൂമി വീതം നല്കിയെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരുവനന്തപുരം ചെറ്റച്ചലിൽ ഇരുപത് വർഷം പഴക്കമുള്ള ഭൂസമരം അവസാനിപ്പിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു.

ചെങ്ങറ, ചിന്നക്കനാൽ, മുതലമട, മരിയനാട്, മല്ലികപ്പാറ എന്നിവിടങ്ങളിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. എല്ലാ പട്ടികവർഗക്കാർക്കും ഭൂമിയുള്ള ജില്ലയാക്കി തലസ്ഥാനജില്ലയെ മാറ്റാൻ കഴിഞ്ഞതായും മുഖ്യമന്ത്രി അറിയിച്ചു. മന്ത്രി കെ രാധാകൃഷ്ണൻ അധ്യക്ഷനായി. മന്ത്രിമാരായ കെ രാജൻ, രാമചന്ദ്രൻ കടന്നപ്പള്ളി, ജസ്റ്റിസ് വി കെ മോഹനൻ, പത്മശ്രീ ജേതാവ് ചെറുവയൽ രാമൻ, വാദ്യകലാകാരൻ പെരിങ്ങോട് ചന്ദ്രൻ, സംരംഭകൻ കെ കെ വിജയൻ, എഴുത്തുകാരൻ ചെറായി രാമദാസ്, ഫുട്ബോൾ താരം എൻ പി പ്രദീപ്, കവി അശോകൻ മറയൂർ, ട്രഷറി ഡയറക്ടർ വി സാജൻ, എയർഹോസ്റ്റസ് ഗോപിക ഗോവിന്ദൻ, പി എസ് സി മുൻ അംഗം പി കെ വിജയകുമാർ എന്നിവർ സംസാരിച്ചു. എം എൽ എമാരായ കെ കെ ശൈലജ, ഒ ആർ കേളു, കെ ശാന്തകുമാരി, കെ വി സുമേഷ്, എം വിജിൻ, സച്ചിൻദേവ്, കെ പി മോഹനൻ, പി പി സുമോദ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി പി ദിവ്യ, എന്നിവർ സന്നിഹിതരായിരുന്നു. അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് സ്വാഗതവും കലക്ടർ അരുൺ കെ വിജയൻ നന്ദിയും പറഞ്ഞു.





# കരുതലിന്റെ പദ്ധതികൾ

## പിണറായി വിജയൻ

പട്ടികജാതി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് കേന്ദ്രസർക്കാർ നിർത്തലാക്കിയെങ്കിലും കേരളം അത് തുടരുകയായിരുന്നു എന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. രണ്ടര ലക്ഷത്തിനുമേൽ വരുമാനമുള്ള കുടുംബങ്ങളിലെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പും ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് കേന്ദ്രസർക്കാർ നിർത്തലാക്കിയപ്പോൾ, ബജറ്റിൽ വകയിരുത്തി വരുമാനപരിധിയില്ലാതെ സംസ്ഥാന സർക്കാർ നൽകുന്നു.

സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പഠനമുറി പദ്ധതിയും രാജ്യത്തിനാകെ മാതൃകയാണ്. എട്ടുമുതൽ പന്ത്രണ്ട്വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കുമാത്രം നല്കി വരുന്ന പദ്ധതി വിപുലീകരിച്ചു. അഞ്ചുമുതൽ ഏഴുവരെയുള്ള ക്ലാസുകളിലേയും കേന്ദ്രീയ വിദ്യാലയത്തിലേയും വിദ്യാർത്ഥികളെക്കൂടി അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം 5,000 കുട്ടികൾക്കാണ് പഠനമുറി അനുവദിച്ചത്.

പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ ഡിജിറ്റൽ പഠനം ഉറപ്പാക്കുന്നതിനായി ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാത്ത 1,284 പട്ടികവർഗ്ഗ ഗ്രാമങ്ങളിൽ 1,083 ലും ഇന്റർനെറ്റ് സൗകര്യം എത്തിച്ചു. ഇടമലക്കുടിയിൽ മാത്രം കണക്ടിവിറ്റി ഉറപ്പുവരുത്താൻ 4.31 കോടി രൂപയാണ് സർക്കാർ ചെലവഴിച്ചത്. 9. 48 കോടി രൂപ ചെലവിൽ സിഡാക്കുമായി ചേർന്ന് ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ പദ്ധതിക്ക് വയനാട്ടിൽ തുടക്കം കുറിച്ചു. ഈ പദ്ധതി സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

നൈപുണ്യവികസനം ഉറപ്പുവരുത്തിയും തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടും അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽ ദാതാക്കളുമാക്കുന്നതിനായി രൂപീകരിച്ച കേരള എംപവർമെന്റ് സൊസൈറ്റി പദ്ധതി രാജ്യത്തിന് മാതൃകയാണ്. അഭ്യസ്തവിദ്യർക്ക് തൊഴിൽ പരിശീലനവും നൈപുണ്യവികസനവും പ്രവൃത്തിപരിചയവും നല്കാനായി ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് (ട്രേസ്) പദ്ധതിയും നടന്നുവരികയാണ്.

ജാതി വിവേചനങ്ങൾക്കെതിരെയും ഈ സർക്കാർ ശക്തമായ നിലപാട് എടുത്തുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. കേരളത്തിന് വെളിയിൽ ദളിതർക്കോ പിന്നാക്കസമൂഹത്തിൽപ്പെട്ടവർക്കോ ക്ഷേത്രപരിസരങ്ങളിൽ പോലും പ്രവേശിക്കാൻ അനുവദിക്കാത്ത സാഹചര്യം ഇപ്പോഴുമുണ്ട്. എന്നാൽ ഇവിടെ പൂജാരിമാരായും ക്ഷേത്രജീവനക്കാരായും ദളിതരും പിന്നാക്കക്കാരും നിയമിക്കപ്പെടുന്നു. എന്താണ് കേരള ബദൽ എന്നു ചോദിക്കുന്നവർക്കുള്ള കൃത്യമായ ഒരു മറുപടിയാണിത്. മാത്രമല്ല മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക ജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെട്ടതാണ്. ഇനിയും അത് മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.



# ലക്ഷ്യം അതിദരിദ്രരില്ലാത്ത കേരളം

## കെ രാധാകൃഷ്ണൻ

അതിദരിദ്രരില്ലാത്ത കേരളം എന്ന ലക്ഷ്യം ഈ വർഷത്തോടെ പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് മന്ത്രി കെ രാധാകൃഷ്ണൻ പറഞ്ഞു. അതിദരിദ്രരെ കണ്ടെത്തി അവരെ അതിൽനിന്ന് മോചിപ്പിക്കാൻ രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ മന്ത്രിസഭായോഗം തീരുമാനിച്ചു. ഇതിനകം പകുതിയോളം കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്ന് മുക്തരാക്കാൻ കഴിഞ്ഞു. ലോകത്തെമ്പാടും പട്ടിണിയും ദാരിദ്ര്യവും വർധിക്കുന്ന സാഹചര്യത്തിലാണ് കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുന്നതെന്നും മന്ത്രി പറഞ്ഞു. രാജ്യത്ത് പട്ടികജാതി പട്ടികവർഗ സമൂഹങ്ങൾ ദുരിതപൂർണമായ ജീവിതം നയിക്കുമ്പോൾ കേരളം അതിൽനിന്ന് വ്യത്യസ്തമായി മുന്നേറുകയാണ്. വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകി എല്ലാ തലത്തിലും സ്വയം പര്യാപ്തരാക്കുകയാണ് ലക്ഷ്യം. കേരളത്തിലെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

# പ്രിയപ്പെട്ട അതിഥികൾ പറയുന്നു...



ജസ്റ്റിസ് വി കെ മോഹനൻ

## സ്വകാര്യ എയ്ഡഡ് മേഖലയിൽ സംവരണം കാര്യക്ഷമമാക്കണം

**ജസ്റ്റിസ് വി കെ. മോഹനൻ**

സ്വകാര്യഎയിഡഡ് കോളേജുകളിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനത്തിൽ സംവരണം കാര്യക്ഷമമാക്കണമെന്ന് ജസ്റ്റിസ് വി കെ മോഹനൻ പറഞ്ഞു. സംവരണത്തിലെ അനുപാതം പലപ്പോഴും ശരിയായ നിലയ്ക്കല്ല നടക്കുന്നത്. ആയതിനാൽ സംവരണത്തിൽ യോഗ്യരായവർ തഴയപ്പെടുന്ന അവസ്ഥ ഉണ്ടാവുന്നുവെന്നും അദ്ദേഹം പറഞ്ഞു.

## ചികിത്സാ സംവിധാനം ഏറെ മെച്ചപ്പെട്ടത്

**ചെറുവയൽ രാമൻ**

ആദിവാസി സമൂഹത്തിന് ചികിത്സ നല്കുന്നതിൽ ഈ സർക്കാർ സംവിധാനം കുറ്റമറ്റതാണെന്ന് കർഷകനായ പത്മശ്രീ ചെറുവയൽ രാമൻ പറഞ്ഞു. വിദഗ്ധ ചികിത്സയ്ക്ക് ആംബുലൻസ് ഉൾപ്പെടെ എല്ലാ സംവിധാനവുമുണ്ട്. അദ്ദേഹം പറഞ്ഞു.



ചെറുവയൽ രാമൻ



പെരിങ്ങോട്ട് ചന്ദ്രൻ

## ഉന്നതിയിലെത്തിച്ചത് ഈ സർക്കാർ

**പെരിങ്ങോട്ട് ചന്ദ്രൻ**

ക്ഷേത്രമതിൽക്കെട്ടിനുള്ളിൽ ജാതീയമായ അധിക്ഷേപത്തിന് പാത്രമായിട്ടുണ്ടെന്ന് പഞ്ചവാദ്യകലാകാരനായ പെരിങ്ങോട്ട് ചന്ദ്രൻ പറഞ്ഞു. ഇത് മറികടക്കാനുള്ള പ്രവർത്തനങ്ങൾ ഇന്ന് നടക്കുന്നുണ്ട്. ഈ സർക്കാരാണ് തങ്ങളെപ്പോലുള്ള കലാകാരന്മാരെ ഉന്നതിയിലെത്തിച്ചതെന്ന് അദ്ദേഹം പറഞ്ഞു. കലാമണ്ഡലം വിസിറ്റിംഗ് പ്രൊഫസറാകാനും വാദ്യകല ജനകീയമായി അവതരിപ്പിക്കാനും തനിക്ക് കഴിഞ്ഞെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## സംരംഭക സൗഹൃദമാണ് കേരളം

**കെ കെ വിജയൻ**

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി ബജറ്റിൽ നീക്കിവെക്കുന്ന തുകയിൽ പത്ത് ശതമാനം സംരംഭങ്ങൾക്ക് അനുവദിക്കണമെന്ന് എസ് സി എസ് ടി എന്റർപ്രണേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ കെ വിജയൻ അഭിപ്രായപ്പെട്ടു.സിബിൽ സ്കോറിന്റെ പേരിൽ വായ്പ നിഷേധിക്കപ്പെടുന്ന അവസ്ഥ ഇന്നുണ്ട്. ഇതിൽ സർക്കാർ ഇടപെടണമെന്നും അദ്ദേഹം പറഞ്ഞു.



കെ കെ വിജയൻ

# മുഖാമുഖം



## അയ്യൻകാളിക്കായി പഠനഗവേഷണ കേന്ദ്രം സ്ഥാപിക്കണം

### ചെറായി രാമദാസ്

മഹാത്മ അയ്യൻകാളിയുടെ സ്മരണ നിലനിർത്തുന്നതിനായി അദ്ദേഹത്തിന്റെ ജന്മനാടായ വെങ്ങാനൂരിൽ ചരിത്ര പഠന ഗവേഷണകേന്ദ്രം നിർമ്മിക്കണമെന്ന് എഴുത്തുകാരനും ഗവേഷകനുമായ ചെറായി രാമദാസ് ആവശ്യപ്പെട്ടു. ഈ സർക്കാരിന് അഭിവാദ്യം

ചെറായി രാമദാസ്



എൻ പി പ്രദീപ്

## കുതിക്കുന്ന കായികരംഗം

### എൻ പി പ്രദീപ്

കഴിഞ്ഞ ഏഴ് വർഷമായി സംസ്ഥാനത്തെ കായികരംഗം കുതിപ്പിന്റെ പാതയിലാണെന്ന് മുൻ രാജ്യാന്തര ഫുഡ്ബോൾ താരം എൻ പി പ്രദീപ് പറഞ്ഞു. സ്റ്റേഡിയങ്ങളും ഗ്രൗണ്ടുകളും മികച്ച രീതിയിലാക്കി. രാജ്യാന്തര ഫുട്ബോൾ താരങ്ങളായ സി കെ വിനീതും മുഹമ്മദ് റാഫിയും താനും ചേർന്ന് തുടങ്ങിയ സൗജന്യ ഫുട്ബോൾ അക്കാദമി ആദിവാസി മേഖലകളായ തിരുനെല്ലിയിലും അട്ടപ്പാടിയിലും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

## ഗോത്രകവിതകൾക്ക് ഇന്ന് ഇടമുണ്ട്

### അശോകൻ മറയൂർ

മുമ്പ് ഗോത്രഭാഷയിലെഴുതിയ കവിതകൾ പ്രസിദ്ധീകരിക്കില്ലെന്ന് പറഞ്ഞ പ്രസാധകർ അത് അച്ചടിക്കാൻ തയ്യാറാവുന്നു. ജനങ്ങൾക്കിടയിൽ ഗോത്ര സാഹിത്യത്തിന് ലഭിച്ച് സ്വീകാര്യതയാണിത് സൂചിപ്പിക്കുന്നതെന്ന് കവി അശോകൻ മറയൂർ പറഞ്ഞു. ഇന്ന് തന്റെ കവിതകൾ അഞ്ച് സർവ്വകലാശാലകളിലെ സിലബസിലുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



അശോകൻ മറയൂർ



പി കെ വിജയകുമാർ

## എസ്. സി, എസ് ടി വിഭാഗങ്ങൾക്ക് ഏറ്റവും കൂടുതൽ തൊഴിൽ നല്കിയത് കേരളം

### പി കെ വിജയകുമാർ

(പി എസ് സി മുൻ അംഗം)

പട്ടികജാതി പട്ടികവർഗ ഉദ്യോഗാർത്ഥികൾക്ക് പി എസ് സി വഴി ഏറ്റവും കൂടുതൽ തൊഴിൽ നല്കിയ സംസ്ഥാനം കേരളമാണെന്ന് പി എസ് സി മുൻ അംഗം പി കെ വിജയകുമാർ പറഞ്ഞു.കേന്ദ്രസർക്കാർ ഒരു ലക്ഷം തൊഴിൽ പട്ടികജാതി-പട്ടികവർഗക്കാർക്ക് നല്കാനുണ്ട്. കേരളത്തിൽ 2016 നുമുമ്പ് 20,000 തൊഴിൽ പി എസ് സി വഴി നല്കി. ഇപ്പോൾ അത് 35,000 ആയി വർദ്ധിച്ചു. മാത്രമല്ല സ്പെഷ്യൽ റിക്രൂട്ടുമെന്റുകൾ നടത്തി പി എസ് സി പട്ടിക വിഭാഗക്കാർക്ക് ജോലി നല്കിയെന്നും അദ്ദേഹം പറഞ്ഞു.



ഗോപിക

## സർക്കാർ കൈപിടിച്ചു പറന്നുയർന്നു, ഉന്നതിയിലേക്ക്

**ഗോപിക ഗോവിന്ദൻ**

കൈപിടിച്ചുയർത്താൻ ഇതുപോലൊരു സർക്കാരുണ്ടെങ്കിൽ ഏത് സ്വപ്നവും യാഥാർത്ഥ്യമാകുമെന്ന് എയർഹോസ്റ്റസ് ഗോപിക ഗോവിന്ദൻ പറഞ്ഞു. ഒരു എയർഹോസ്റ്റസ് ആവുകയെന്ന ഗോപിക യുടെ സ്വപ്നത്തിനൊപ്പം സർക്കാർ കൂടെ നിന്നു. പഠന ചെലവുകൾ ഏറ്റെടുത്തു. ഇന്ന് പട്ടികവർഗ്ഗ സമൂഹത്തിനാകെ അഭിമാനിക്കാവുന്ന ഉന്നതിയിലേക്കാണ് ഗോപിക പറന്നുയർന്നത്.

# മുഖാമുഖത്തിൽ പങ്കെടുത്ത വിശിഷ്ടാതിഥികൾ



## അട്ടപ്പാടിയിലെ ആദ്യ അഭിഭാഷക

**ടി ആർ കനക**

അഗളി മുൻസിഫ് മജി സ്ട്രേറ്റ് കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ടി ആർ കനക കൂടുതൽ തൊഴിലവസരങ്ങൾ ഇനിയും ഉണ്ടാവേണ്ടതി ന്റെ ആവശ്യകതയാണ് ഊന്നിപ്പറഞ്ഞത്. ഉന്ന തവിദ്യാഭ്യാസത്തിലേക്ക് പട്ടികജാതി പട്ടികവർഗ സമൂഹത്തിലെ വിദ്യാ ർത്ഥികളെ കൂടുതലായി എത്തിക്കണമെന്നും കനക അഭിപ്രായപ്പെട്ടു.

















## കാൽപ്പന്ത് സ്വപ്നവുമായി കടൽകടന്ന് നന്ദു

ഒരു പാട് ചെറുപ്പക്കാരുടെ സ്വപ്നങ്ങൾക്കൊപ്പമാണ് ഈ സർക്കാർ എന്നതിൽ സന്തോഷമുണ്ടെന്ന് ഫുടിബോൾ താരം വി യു നന്ദു. വൈപ്പിൻ നായരമ്പലം തേങ്ങാത്തറയിലെ നന്ദു എന്ന യുവാവിന്റെ ഫുട്ബോൾ സ്വപ്നം സഫലമാക്കിയത് ഈ സർക്കാരാണ്. നാട്ടിൻപുറത്തെ ഫുട്ബോൾ കളിയിലൂടെ ശ്രദ്ധേയനായ നന്ദു ഇപ്പോൾ സ്പെയിനിൽ ഫുട്ബോൾ പരിശീലനത്തിലാണ്. സ്പെയിനിലെ പ്രമുഖ ക്ലബ്ബായ വലൻസിയയിലെ പരിശീലനത്തിനായുള്ള നാലര ലക്ഷം രൂപ നല്കിയത് സംസ്ഥാന സർക്കാരാണ്.



നന്ദു സ്പെയിനിൽ പരിശീലനത്തിൽ









# മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ വിജയത്തിളക്കം

**ഷിനു സുകമാരൻ**

നിധീഷ് പി എസ് ഫുൾ എ പ്ലസോടെ പത്താംക്ലാസ് വിജയിച്ചു. പീരുമേട് പ്ലാക്കത്തടം മലയരയ ഗ്രാമത്തിലെ നിധീഷിന് അച്ഛനുമമ്മയും ഇല്ല. ഇടുക്കി മോഡൽ റസിഡൻഷ്യൽ സ്കൂളിലാണ് നിധീഷ് ആറാം ക്ലാസ് മുതൽ താമസിച്ച് പഠിച്ചത്. മുത്തശ്ശിയുടെ സംരക്ഷണയിലും ചിലപ്പോൾ ബാലക്ഷേമ കേന്ദ്രങ്ങളിലുമായാണ് അവന്റെ ജീവിതം. പഠിച്ച് വളർന്ന് സിവിൽ സർവീസ് നേടണമെന്നും അനാഥരായ കുട്ടികളെ സംരക്ഷിക്കണമെന്നുമാണ് അവന്റെ സ്വപ്നം. ആ സ്വപ്നം സഫലമാക്കാനുള്ള യാത്രയിൽ അവന് വീടും വിദ്യാലയവുമായത് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളാണ്.

മലമ്പുഴ ആശ്രമം മോഡൽ റസിഡൻഷ്യൽ സ്കൂളിലെ മിടുക്കിയായ പ്രമീഷ അഞ്ച് എ പ്ലസോടെ ഇത്തവണ പ്ലസ്ടു പാസായത് MRS ചരിത്രത്തിൽ മറ്റൊരു സന്തോഷമാണ്. പ്രാക്തന ഗോത്രവർഗ വിഭാഗമായ കാട്ടുനായ്ക്ക സമൂഹത്തിൽ നിന്നുമാണ് പ്രമീഷ വരുന്നത് എന്നത് ഏറെ അഭിമാനമുണ്ടാക്കുന്നു. പാലക്കാട് കോട്ടോപാടം അമ്പലപ്പാറ ഗ്രാമത്തിലെ, വിദ്യാഭ്യാസം നേടിയിട്ടില്ലാത്ത, വെളുപ്പൻ-മാത്തി ദമ്പതിമാരുടെ വലിയ സ്വപ്നമാണ് മകളുടെ തിളക്കമാർന്ന ഈ വിജയം. നല്ലൊരു അധ്യാപികയായി തന്റെ സമൂഹത്തിലെ ഉൾപ്പടെ പാവപ്പെട്ട കുട്ടികൾക്ക് വെളിച്ചമായി മാറണമെന്നതാണ് അവളുടെ ലക്ഷ്യം.

ഈ രണ്ടു കുട്ടികൾ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിന്നും ഇത്തവണ പത്തിലും പന്ത്രണ്ടിലും വിജയിച്ച ആയിരക്കണക്കിന് കുട്ടികളുടെ ഒരു പരിച്ഛേദമാണ്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ആത്യന്തികമായ



വികാസം തങ്ങൾക്കും തങ്ങളുടെ സമൂഹത്തിനും ഉണ്ടാകൂവെന്ന് വിശ്വസിക്കുന്ന പുതിയ തലമുറയുടെ പ്രതിനിധികൾ. അവരുടെ ലക്ഷ്യങ്ങൾക്ക് വഴി തെളിക്കുന്നതിനായി 33 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകൾക്ക് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കാവസ്ഥയിൽ നില്ക്കുന്ന പട്ടികജാതി പട്ടികവർഗ കുടുംബങ്ങളിലെ സമർത്ഥരായ കുട്ടികൾക്ക് മികച്ചതും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം നല്കുന്നതിനാണ് മികച്ച അക്കാദമിക് ഭൗതിക സാഹചര്യങ്ങളോടെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.

എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഇത്തവണ പത്താം ക്ലാസ് വിജയം നൂറ് ശതമാനമായിരുന്നു. പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള സ്കൂളുകളിൽ പരീക്ഷയെഴുതിയ 607 പേരും വിജയിക്കുകയും 42 പേർക്ക് ഫുൾ എ പ്ലസ് നേടുകയും ചെയ്തു.







പട്ടികജാതി വികസന വകുപ്പിലെ സ്കൂളുകളിൽ പരീക്ഷ എഴുതിയ 265 പേരും വിജയിച്ചു. അതിൽ 27 പേർക്ക് ഫുൾ എ പ്ലസ് നേടാനാവുകയും ചെയ്തു.

പന്ത്രണ്ടാം ക്ലാസിലെ വിജയത്തിൽ മുൻവർഷത്തേക്കാൾ വർധനവുണ്ടായിട്ടുണ്ട്. പട്ടിക വർഗ വികസന വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിൽ പരീക്ഷയെഴുതിയ 1018 കുട്ടികളിൽ 841 പേർ തുടർപഠനത്തിന് നല്ല ഗ്രേഡുകളോടെ യോഗ്യത നേടി. ഇതിൽ 22 പേർക്ക് ഫുൾ എ പ്ലസും 39 പേർക്ക് ഒമ്പത് എ പ്ലസും നേടാൻ കഴിഞ്ഞു. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള സ്കൂളുകളിൽ +2 പരീക്ഷ എഴുതിയ 238 പേരിൽ 233 പേരും വിജയിച്ചു. ഏഴു പേർക്ക് ഫുൾ എ പ്ലസും കിട്ടുകയുണ്ടായി.

സംസ്ഥാന സർക്കാരിന് കീഴിലുള്ള ഏക സി ബി എസ് ഇ സ്കൂൾ പട്ടികവർഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം പെരിങ്ങമ്മലയിൽ പ്രവർത്തിക്കുന്ന ഞാറനീലി അംബേദ്കർ വിദ്യാ നികേതൻ സ്കൂളാണ്. അവിടേയും ഇത്തവണത്തെ പത്താം ക്ലാസിലെയും



പന്ത്രണ്ടിലേയും വിജയം എടുത്തു പറയേണ്ടതാണ്. രണ്ട് ക്ലാസുകളിലും നൂറ് ശതമാനം വിജയമുണ്ടായി. പത്താം ക്ലാസിൽ പരീക്ഷ എഴുതിയ മുപ്പത് പേരിൽ പതിനഞ്ചു പേരും പന്ത്രണ്ടാം ക്ലാസിൽ പത്തൊമ്പതിൽ പതിനൊന്നു പേരും ഡിസ്റ്റിംഗിഷനോടേയും ജയിക്കുകയുണ്ടായി.

വെല്ലുവിളികൾ നിറഞ്ഞ ജീവിത സാഹചര്യത്തിൽ നിന്നും നിധീഷിനേയും പ്രമീഷയേയും പോലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെത്തി അത് വീടും വിദ്യാലയവുമായി കരുതി പഠിച്ച് പരീക്ഷ എഴുതിയവരാണ് ഏറെപ്പേരും. അന്തർദ്ദേശീയ നിലവാരത്തിലുള്ള പഠന പാഠ്യേതര സൗകര്യങ്ങളാണ് സർക്കാർ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഒരുക്കിയിട്ടുള്ളത്. ഓരോ വർഷവും വിജയത്തിന്റെ നിലവാരം ഈ സ്കൂളുകളിൽ വർധിച്ചു വരികയാണ്. ഇത്തവണ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ഹയർ സെക്കണ്ടറി ഏകജാലക സംവിധാനം മുഖേനയാണ്. ഒരിടത്തും പ്രവേശനം ലഭിക്കാത്തവർക്ക് MRS ൽ സ്പോട്ട് അഡ്മിഷനും സൗകര്യമുണ്ട്.






# അജണ്ട

സുരേഷ്ദേവ് മുഖത്തല

കഥ

ഈ തിരക്ക് ജീവിതത്തിലെ ഓട്ടത്തെപ്പറ്റി കരുണാകരന് ഒരു ചിത്രം വരയ്ക്കണമെന്ന് തോന്നി. ചിത്രമെഴുത്തിൽ അയാൾക്ക് ഡിപ്ലോമയൊന്നും ഉണ്ടായിരുന്നില്ല. കുട്ടിക്കാലത്ത് ചോക്കും കരിക്കട്ടയും കൊണ്ട് വീടിന്റെ മൺഭിത്തിയിലും നാട്ടുകാരുടെ ചുവരുകളിലും വരച്ച പരിചയം. അക്കാലത്ത് അയാളുടെ ഓരോ ചുവർ ചിത്രങ്ങളും കണ്ട് നാട്ടുകാർ കരുണാകരനിൽ ഒരു രവിവർമ്മ ഉറങ്ങിക്കിടപ്പുണ്ടെന്ന് പ്രവചിച്ചു. അൽപ്പംകൂടി വായനാസമ്പത്തുള്ളവർ കരുണാകരനിൽ ഒരു വിൻസെന്റ് വാൻ ഗോഗും ഒരു എം എഫ് ഹുസൈനും ഇരുപ്പുറപ്പിച്ചിട്ടുണ്ടെന്ന് പറഞ്ഞു. വാസ്തവത്തിൽ ഇവരാരും തന്നെ കരുണാകരനിൽ കിടക്കുകയോ ഇരിക്കുകയോ ചെയ്തിരുന്നില്ല. വിദ്യാഭ്യാസ കാലഘട്ടത്തിന്റെ വരണ്ടുവെടിച്ച സാഹചര്യങ്ങളിൽ എവിടെവെച്ചോ രവിവർമ്മയെപ്പറ്റിയുള്ള സിലബസ് ബോധത്തിനപ്പുറം വാൻ ഗോഗും ഹുസൈനുമൊന്നും കരുണാകരന്റെ മനസ്സിലുണ്ടായിരുന്നില്ല.

പാതിവഴി പഠനം നിലച്ച കരുണാകര ജീവിതം മരംമുറി, വിറക്



കീറൽ വേലികെട്ട്, തെങ്ങ്കയറ്റം, മരണവീടുകളിലെ ചിതയൊരുക്കം ഇത്യാദി ജോലികളിലൂടെ തുടർന്നു. ഹുസൈനും വാൻ ഗോഗും ഉറങ്ങിക്കിടക്കുന്ന കരുണാകരനെ കണ്ട ബാലൻ വൈദ്യർ ഒരു ദിവസം സഹികെട്ട് ചോദിച്ചു:
“എടാ മരമണ്ടാ നീ ചിത്രകലയെ പരിപോഷിപ്പിച്ചെടുത്തിരുന്നെങ്കിൽ ഇങ്ങനെ മരം വെട്ടാനും വെറക് കീറാനും നടക്കേണ്ട ഗതി വര്വായിരുന്നോ? ങ്ഹേ...കഴിവുള്ളോനല്ലായിരുന്നോ നീയ്? ”

“കഴിവ് മാത്രം പോരാ അറിവും കൂടി വേണ്ടേ വാദ്യരേ. ങ്ങ്ള് പറയുന്ന ഈ വാൻ ഗോഗ് ആരാ? ഏതവനാ ഈ ഹുസൈൻ? അവരൊക്കെ നല്ല വെയിലുകൊണ്ട് മരം മുറിച്ചവരോ വെറക് കീറിയവരോ ആണോ? ഈ ലോകത്ത് എനിക്കറിയാവുന്ന ഒരാള് രവിവർമ്മയാ. അങ്ങേരെയൊന്നും ഇപ്പോൾ ആർക്കും വേണ്ട. എനിക്ക് വിദ്യാഭ്യാസോം പൊതുവിജ്ഞാനോം ഇത്തിരി കമ്മിയാ. പിന്നെ ഞാനെന്തോ ചെയ്യാനാ?”

“അതുപോട്ടെ നീയിപ്പം വരയ്ക്കാറുണ്ടോ? ”

“അതുപിന്നെ നമ്മടെ രക്തത്തിൽ കലർന്നതല്ല്യോ. അങ്ങനെയങ്ങ് കളയാൻ പറ്റ്വോ. ഇപ്പഴും വര തകൃതിയായി നടക്കുന്നുണ്ട്. വൈദ്യര് ഒരു ദിവസം വീട്ടില് വന്നാ ഒരഞ്ചാറെണ്ണം കാണിച്ചുതരാം.”

ബാലൻ വൈദ്യർ വീട്ടിൽചെന്ന് കരുണാകരന്റെ ചിത്രങ്ങൾ കണ്ടു. ജലഛായവും ഡ്രോയിംഗുമുണ്ട്. ഒരു മിനിമം വായനക്കാരനായ ബാലൻ വൈദ്യരുടെ മുഖത്ത് എന്തെന്നില്ലാത്ത തിളക്കമുണ്ടായി. പച്ചയും കറുപ്പും കലർത്തി കരുണാകരൻ പകർത്തിവെച്ച് ഒരു പ്രകൃതി ദൃശ്യം കണ്ട് വൈദ്യർ അന്ധാലിച്ചുപോയി. ഒരു മനുഷ്യൻ പ്രകൃതിയുടെ ഗർഭത്തിൽ ആഹ്ലാദനൃത്തം ചെയ്യുകയാണ്. മാതൃത്വത്തിന്റെ ഒരു പെൻസിൽ ഡ്രോയിംഗ്. നിറങ്ങളുടെ കാഠിന്യം ഒഴിവാക്കി ചെയ്തിരിക്കുന്ന ഒരാളുടെ ഓർമ്മകൾ. തന്റെ പരിമിത വായനയുടെ പിൻബലം കൊണ്ട് വ്യാഖ്യാനിക്കുന്നിതിനപ്പുറം അതിന്റെ മഹാമൗനങ്ങളിൽ കരുണാകരന്റെ ചിത്രങ്ങൾ തന്നോട് സംസാരിക്കുന്നതായി ബാലൻ വൈദ്യർ അറിഞ്ഞു.

“കരുണാകരാ നീ ഈ ചിത്രങ്ങളുടെ ഒരു പൊതു പ്രദർശനം നടത്തണം. അറിവുള്ളവർ നിന്നെപ്പറ്റി പത്രങ്ങളിലൊക്കെ എഴുതും. നിന്റെയീ വരകൾക്കൊക്കെ ചിത്രകലയിൽ പലപല സങ്കേതങ്ങളും ഡഫനിഷനുകളുമുണ്ട്.”

“ഇത് നല്ലതുപോലെ സംസാരിക്കുന്നുണ്ട്.”

കരുണാകരൻ അപ്പോൾ കൃഷ്ണാ ഹോട്ടലിലേക്കുള്ള വിറക് വെട്ടിക്കീറുന്നതിനെപ്പറ്റിയാണ് ചിന്തിച്ചത്. ഒരു ബീഡി കത്തിച്ച് വലിച്ചുകൊണ്ട് കുറേനേരം അയാൾ മിണ്ടാതെ നിന്നു.

“എന്നാലും എന്റെ കരുണാകരാ ഇത്രയൊക്കെ വരച്ചിട്ടാണോ നീ



മരം വെട്ടാനും വെറക് കീറാനും നടക്കുന്നത്? എനിക്ക് നിന്നെപ്പറ്റി വല്ലാതെ വിഷമം തോന്നുന്നു."

"ബാലൻ വൈദ്യർ മാത്രമേ ഇങ്ങനെയൊക്കെപ്പറയുന്നുള്ളൂ. അതാണ് എന്റെ വെഷമം."

"അതിന് നീയിത് അറിയാവുന്ന ആരെയെങ്കിലും കാണിച്ചിട്ടുണ്ടോ.. നിനക്ക് മരത്തേക്കേറാനല്ലേ നേരമുള്ളൂ"

"അതുകൊണ്ടാ വൈദ്യരേ ഇതൊക്കെ സംഭവിക്കുന്നത്. ഇത് ഉണ്ടാക്കിയതല്ല. ഉണ്ടായതാ.. മണിയൻ പുള്ളേടെ ഒരു കൊന്നതെങ്ങ് മുറിക്കാനായി അതിന്റെ മണ്ടയിലിരുന്ന ഓലവെട്ടി മാറ്റുമ്പഴാ എനിക്ക് പ്രകൃതിയെപ്പറ്റി ബോധം വന്നത്. അതാണ് ഈ സാധനം. എപ്പോഴും നമ്മൾ ഉയരത്തിൽ നിന്ന് താഴേക്ക് നോക്കണം. എന്നാലേ വല്ലതും കിട്ടൂ. എന്നാ വൈദ്യര് ചെല്ല്. എനിക്ക് കൃഷ്ണാ ഹോട്ടലിലേക്ക് ഇത്തിരി വെറക് കീറാനുണ്ട്. മൂന്നു കൊച്ചുങ്ങള് കിടക്കുന്നു. പടംവരച്ചോണ്ടിരുന്നാ അവുത്തുങ്ങള് പട്ടിണിയാവും."

"ഞാൻ പറഞ്ഞത് നീ ചെയ്യണം. നമ്മടെ ജനസമാജം വായനശാലയിൽ വെച്ച് ഒരു ചിത്രപ്രദർശനം. കൊറേ ചിത്രംകൂടി വരച്ചോ. കമ്മിറ്റിയില് ഞാൻ പറയാം."

ഒരാഴ്ച കഴിഞ്ഞ് വൈദ്യരും ജനസമാജം വായനശാലാ സെക്രട്ടറിയും ഒരു കമ്മിറ്റിയംഗവും കൂടി കരുണാകരന്റെ വീട്ടിൽ വന്നു. അയാൾ കുറച്ച് ചിത്രങ്ങൾകൂടി വരച്ചിട്ടുണ്ടായിരുന്നു. ഒന്നിനും സമയം തികയാത്ത മനുഷ്യന്റെ ധൃതിപിടിച്ച ഓട്ടത്തെപ്പറ്റിയായിരുന്നു അതിലൊന്ന്. അയാൾ കുറച്ചുകാലമായി മനസ്സിൽ കൊണ്ടുനടന്ന ഒന്ന്. സംഘാടകർക്ക് എല്ലാം നന്നായി ബോധിച്ചു.

"കരുണാകരോ ങ്ങക്ക് ഇത്രേം കഴിവുണ്ടായിരുന്ന കാര്യം വൈദ്യര് പറഞ്ഞപ്പഴാ ഞങ്ങളറിഞ്ഞത്. ഒര് ആർട്ട് എക്സിബിഷൻ എന്നൊക്കെ പറഞ്ഞാൽ ഇത്തിരി ചെലവുള്ള സംഗതിയാ. ഒരുദ്ഘാടനച്ചടങ്ങ് നടത്തണം. ഒന്നുരണ്ട് വിശിഷ്ടാതിഥികളെങ്കിലും വേണം. വേണോങ്കി ഇയാളെ ഒന്നാദരിക്കാം. എല്ലാംകൂടി ഒരു പത്തിരുപത്തഞ്ച് വേണ്ടിവരും."

വൈദ്യരുടെ മുഖത്തേക്കാണ് കരുണാകരൻ പെട്ടെന്ന് നോക്കിയത്. വൈദ്യര് കരുണാകരന്റെ 'മനുഷ്യന്റെ ധൃതി'യിലേക്ക് കണ്ണ് തിരിച്ചുകളഞ്ഞു.

"ഈ ചിത്രങ്ങളെപ്പറ്റിയൊക്കെ ചൊവ്വേ നാല് വർത്തമാനം പറയണമെങ്കിൽ അതിനുപറ്റിയ ആളുകളെ നമ്മൾ കൊണ്ടുവരണം. ഞങ്ങടെ വല്യണ്ണന്റെ മോൻ അനൂപ് നായരുടെ ഒരു ചിത്രപ്രദർശനം ഈയിടയ്ക്കാ തിരുവനന്തപുരത്ത് വെച്ച് നടന്നത്. കേമം പരിപാടിയല്ലായിരുന്നോ. എക്സ്പ്രഷനിസോം ഇംപ്രഷനിസോംമൊക്കെ അരച്ച് കലക്കി കുടിച്ചിരിക്കയല്ല്യോ.. ഡൽഹീന്ന് പേരുകേട്ട ഒരാളാ വന്ന് ഉദ്ഘാടനം ചെയ്തത്. ഇപ്പം ഫ്രാൻസിലോട്ട് പോയിരിക്ക്യാ. എത്രകൊല്ലത്തെ പഠനമായിരുന്നു. കേരള വാൻ ഗോഗന്നല്ല്യോ അവനെ വിളിക്കുന്നത്. എന്താന്നുവെച്ചാ കരുണാകരൻ ആലോചിച്ച് പറ."

ഷീറ്റ് മേഞ്ഞ കരുണാകരന്റെ കുടുസ് മുറിയിൽ നിന്ന് സെക്രട്ടറി പുറത്തിറങ്ങി.

"കരുണാകരാ നിന്റെ സർഗശേഷിയാണിതൊക്കെ. അത് പത്തുപേരറിയണം"

വൈദ്യരും സെക്രട്ടറിയും കമ്മിറ്റിയംഗവും കൂടി നടന്നു തുടങ്ങി. കരുണാകരൻ തന്റെ ചിത്രത്തിലാകമാനം ഒന്നു കണ്ണോടിച്ചു. എന്നിട്ടയാൾ ചൊവ്വേ അലോചിക്കാൻ തുടങ്ങി. രണ്ടുമണിയായി. ഉച്ചഭക്ഷണത്തിനുള്ള നേരം കഴിഞ്ഞു. ലീല അകത്തുനിന്നും വിളിച്ചു ചോദിച്ചു: " അണ്ണാ ചോറിടട്ടോ"

"ങ്ഹും" കരുണാകരൻ മൂളി.

ചോറും ചീനിയും ചാളക്കറിയും അയില പൊരിച്ചതുമൊക്കെ ലീല അയാളുടെ മുന്നിൽ വിളമ്പിവെച്ചു. രുചികരമായിട്ട് അത് തിന്നുകൊണ്ടിരിക്കുമ്പോൾ കരുണാകരൻ ചോദിച്ചു: " ടേയ് ഞാൻ വാൻ ഗോഗ് ആകണോ, കരുണാകരൻ മൂപ്പരാകണോ? "

"ങ്ങള് വേറേ ആരുമാവണ്ട. മൂപ്പരായാമതി. ന്റെ കരുണാകരൻ മൂപ്പര്. ഈ നാട്ടില് നിങ്ങക്ക് നല്ല പേരല്ല്യോ. ചൊവ്വേ പണിചെയ്യുംന്നാ എല്ലാവരും പറയുന്നേ. ഈ അയലത്തല അങ്ങോട്ട് വെച്ച് ഊറിയേ, കുരുമുളകിട്ട് പറ്റിച്ചതാ."

ലീല ഇറക്കമുള്ള നൈറ്റി ഒന്ന് തെറുത്ത് വെച്ച് അയലത്തല വറ്റിച്ചത് മുന്നോട്ട് നീക്കിവെച്ചു.

അപ്പോൾ കരുണാകരന് തോന്നി, ഇവൾക്ക് സ്നേഹം മാത്രമല്ല, ഇത്തിരി ബുദ്ധിയുമുണ്ട്. ●




പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾ മന്ത്രി കെ രാധാകൃഷ്ണൻ വിലയിരുത്തി.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി കെ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ തിരുവനന്തപുരം പിഡബ്ല്യു റസ്റ്റ് ഹൗസിലായിരുന്നു യോഗം. പട്ടികജാതി,പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാർ, മറ്റു ഉദ്യോഗസ്ഥർ, മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഹെഡ്മാസ്റ്റർമാർ സീനിയർ സൂപ്രണ്ട് മാർ എന്നിവർ പങ്കെടുത്തു.

26 എം ആർ എസുകളിലായി 872 വിദ്യാർത്ഥികൾ SSLC പരീക്ഷ എഴുതിയതിൽ എല്ലാവരും വിജയിച്ചു. 69 പേർക്ക് എ പ്ലസ് ലഭിച്ചു. 22 എം ആർഎസുകളിലായി ഹയർ സെക്കൻഡറി പരീക്ഷയിൽ 1074 വിദ്യാർത്ഥികൾ തുടർപഠനത്തിന് അർഹരായി 29 പേർക്ക് എ പ്ലസ് ലഭിച്ചു. പട്ടികവർഗ മേഖലകളിൽ നിന്നും SSLC പാസായ വിദ്യാർത്ഥികൾക്ക് അവിടെത്തന്നെ ഹയർ സെക്കൻഡറിക്കും അവസരമൊരുക്കിയിട്ടുണ്ട്.



പട്ടിക വർഗ പ്രമോട്ടർമാരുടെ അവസാന ബാച്ചിന്റെ പരിശീലന പരിപാടിയിൽ മന്ത്രി കെ.രാധാകൃഷ്ണൻ പ്രമോട്ടറന്മാരോടൊപ്പം.

കവിത



സുരേഷ് നാരായണൻ

# മഴച്ചായ

'തൊറന്നു മലർത്തിവെച്ചേക്കുവാണല്ലോ'
ശക്തിയായ് മുടി കുടഞ്ഞു കൊണ്ട്
ജനലിനപ്പുറത്തു പ്രത്യക്ഷപ്പെട്ട
മഴ പറഞ്ഞു.
ഞങ്ങൾ ചായ തിളപ്പിക്കുകയായിരുന്നു.
ചായപ്പാത്രം നനഞ്ഞു.
ഇതൊക്കെയെന്ത് എന്നു പറഞ്ഞുകൊണ്ട്
മുണ്ടു മടക്കിക്കുത്തി,
മേളം മുറുക്കീ മഴ.
'ജനലരികിൽ അടുപ്പു വയ്ക്കരുത് എന്നു
ഞാൻ എത്ര പ്രാവശ്യം പറഞ്ഞിരിക്കുന്നു '
അവൾ എൻറെ നേരെ തിരിഞ്ഞു.
നനഞ്ഞ നെഞ്ച്
നനഞ്ഞ കൈ
നനഞ്ഞ കവിളുകൾ
മഴയുടെ പിടിവിട്ടു.
ഷവറിൽ നിന്നെന്നപോലെ
വാ തുറന്ന് ,
'നിങ്ങളകത്തു പോയി
വസ്ത്രം മാറി വരൂ.
ഞാൻ ആടുന്ന ജനൽപ്പാളികളെ കണ്ടു
കൊണ്ടിരിക്കട്ടെ:
എന്നു കുടഞ്ഞു വീശി.
ഞങ്ങൾ തിരിച്ചു വരുന്നതുവരെ പെയ്തു
കൊണ്ടിരിക്കാനാണെങ്കില് ആകാശത്തെ
മുഴുവൻ മേഘങ്ങളും മതിയാകില്ല എന്ന
തിനോട് ആരെങ്കിലും പറഞ്ഞു കൊടു
ത്തിരുന്നെങ്കിൽ....



# പട്ടിക വിഭാഗങ്ങൾക്ക് നൈപുണ്യ കോഴ്സ്

പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കായി നൈപുണ്യ കോഴ്സുകൾ ആരംഭിക്കുവാൻ തീരുമാനമായി. പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകളുടെ വാർഷിക അവലോകന യോഗത്തിൽ മന്ത്രി കെ. രാധാകൃഷ്ണനാണ് ഇക്കാര്യമറിയിച്ചത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങളും ഈ വർഷത്തിൽ ആരംഭിച്ച പദ്ധതി പ്രവർത്തനങ്ങളും മന്ത്രി വിലയിരുത്തി.

പരമ്പരാഗതമായ പദ്ധതി നിർവ്വഹണ രീതികളിൽ നിന്നും വ്യത്യസ്തമായി പുതിയ സമീപന രീതികൾ കൂടി ഉൾക്കൊണ്ടു വേണം നിർവ്വഹണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതെന്ന് മന്ത്രി നിർദ്ദേശിച്ചു. പ്രമോട്ടർമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള സർവ്വേ നടത്താൻ തീരുമാനിച്ചു.


പട്ടിക വിഭാഗത്തിലുള്ളവർക്ക് മെച്ചപ്പെട്ട ജീവിതം നല്കുന്നതിനുള്ള പദ്ധതികൾ സമൂഹത്തിന്റെ താഴേതട്ടിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. അവരെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കാൻ കഴിയുന്ന ജ്ഞാനവും നൈപുണ്യവുമാണ് നല്കേണ്ടത്.

കാർഷിക, വെറ്റിനറി സർവ്വകലാശാലകൾ ഇതുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കാൻ സന്നദ്ധരായിട്ടുണ്ട്. മന്ത്രി അറിയിച്ചു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിജയശതമാനം യോഗം വിലയിരുത്തി. തുടർ പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസ മന്ത്രിയുമായി ചർച്ച നടത്തി.

മണ്ഡലാടിസ്ഥാനത്തിൽ, എം .എൽ.എ മാരുടെ നേതൃത്വത്തിൽ അവലോകന യോഗം ചേരണമെന്നും മന്ത്രി നിർദ്ദേശിച്ചു. അഡീ. ചീഫ് സെക്രട്ടറി ഡോ.എ ജയതിലക്, പട്ടികജാതി വികസന വകുപ്പ് സംസ്ഥാനജില്ലാ ഓഫീസർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.



കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ സാമൂഹ്യപഠനമുറിയിലെ വിദ്യാർത്ഥികൾക്കായി നടത്തിയ പരിശീലനത്തിന്റെ സർട്ടിഫിക്കറ്റ് മന്ത്രി കെ. രാധാകൃഷ്ണൻ വിതരണം ചെയ്യുന്നു




ജീവിതത്തിൽ ഒരിക്കലെങ്കിലും വായിച്ചിരിക്കേണ്ടതും സമൂഹത്തെ സ്വാധീനിച്ചതുമായ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന പംക്തി



ഡോ. ഒ.കെ.സന്തോഷ്

# സാമൂഹ്യനീതിയുടെ ചിന്തയും പ്രയോഗവും

സാമൂഹ്യപരിഷ്കർത്താവ്, ചിന്തകൻ, യുക്തിവാദി, രാഷ്ട്രീയ നേതാവ്, ഭരണാധികാരി, മതനിഷേധി തുടങ്ങി വ്യത്യസ്തമായ വിശേഷണങ്ങൾക്ക് അർഹനായ പെരിയാർ ഇ.വി.രാമസ്വാമിയുടെ ആശയാവലികളും പ്രയോഗങ്ങളും കഴിഞ്ഞ ഒരു നൂറ്റാണ്ടായി ഇന്ത്യയിലും വിശേഷിച്ച്, തമിഴ് നാട്ടിലും ഏറെ പരിവർത്തനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ആധുനീകരിക്കപ്പെടാത്ത ഇന്ത്യൻ സമൂഹത്തിൽ മാറ്റങ്ങൾക്ക് തടസമായി നിന്നത് ചെറുന്യൂനപക്ഷം വരുന്ന ബ്രാഹ്മണവിഭാഗം രൂപപ്പെടുത്തിയ ആശയങ്ങളുടെ ഭാഗമായിരുന്ന കീഴ് വഴക്കങ്ങളായിരുന്നു. വർണാശ്രമധർമ്മം, സനാതനധർമ്മം, തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന മേൽജാതി ഹിന്ദു അധീശത്വം കുറെയെങ്കിലും ദുർബലപ്പെടുന്നതിൽ ഇന്ത്യയിലെ വിവിധ വിഭാഗങ്ങളിൽ രൂപപ്പെട്ട ജാതിവിരുദ്ധ സമരങ്ങളും ആശയസംവാദങ്ങളും പ്രധാനപ്പെട്ട പങ്ക് വഹിച്ചത് ചരിത്രമാണ്. തമിഴ് നാട്ടിലും , വിപുലമായി പറഞ്ഞാൽ തെക്കേയിന്ത്യയിൽ അതിന് മുഖ്യമായും നേതൃത്വം കൊടുത്തത് പെരിയാറായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തെയും ചിന്തകളേയും ആഴത്തിൽ പരിചയപ്പെടുത്താനുള്ള ശ്രമമാണ് ദ്രാവിഡ കഴകം സൈദ്ധാന്തികനായ മഞ് ജയ് വസന്തൻ എഴുതിയ പെരിയാർ ജീവിതം ചിന്തകളും എന്ന പുസ്തകം.

ഏറെ ദരിദ്രമായ കുടുംബത്തിൽ ജനിക്കുകയും മാതാപിതാക്കളുടെ കഠിനാദ്ധ്വാനവും ദൃഢനിശ്ചയവും കൊണ്ട് വലിയ സമ്പന്നമായി ത്തീർന്ന കുടുംബമായിരുന്നു പെരിയാറിന്റേത്. വിദ്യാഭ്യാസ കാലത്ത് അദ്ധ്യാപകരുടെ ചില നടപടികൾ ചോദ്യം ചെയ്തതിനാൽ പത്ത് വയസിന് ശേഷം സ്കൂളിൽ പോകാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ചെറുപ്രായത്തിലെ അനീതിയും അന്ധവിശ്വാസവും വിവേചനങ്ങളുടെ മറ്റു രൂപങ്ങളും തിരിച്ചറിയാനും അവയോടൊക്കെ പ്രതികരിക്കാനുമുള്ള സവിശേഷമായ ശേഷി പ്രകടിപ്പിച്ചതായി നിരവധി ഉദാഹരണങ്ങളിലൂടെ ഗ്രന്ഥകാരൻ വിശദീകരിക്കുന്നുണ്ട്. പത്തൊൻപതാമത്തെ വയസിൽ പതിമൂന്ന് കാരിയായ നാഗമ്മാളിനെ വിവാഹം കഴിച്ച പെരിയാറിന്റെ സ്വാഭിമാനപ്രസ്ഥാനം പിൽക്കാലത്ത് പെൺകുട്ടികളുടെ വിവാഹപ്രായം പതിനെട്ടാക്കണമെന്ന് പ്രമേയം പാസാക്കിയത് ചരിത്രമാണ്. വിവാഹ ശേഷം അച്ഛനുമായുള്ള ബന്ധം വഷളാവുകയും കുറെക്കാലത്തേയ്ക്ക് സന്യാസിയായും ഭിക്ഷാടകനായും ജീവിച്ചശേഷം ഏറെ സമ്പന്നമായ കച്ചവടസ്ഥാപനങ്ങളുടേയും ഭൂസ്വത്തിന്റേയും ഉടമസ്ഥാവകാശം അദ്ദേഹം ഏറ്റെടുത്തു. എന്നാൽ തന്റെ സ്വകാര്യവ്യവഹാരങ്ങളിൽ ഒതുങ്ങി നിൽക്കാതെ പൊതുരംഗത്തേയ്ക്കും രാഷ്ട്രീയ പ്രവർത്തനത്തിലും ശ്രദ്ധ പതിപ്പിക്കുകയാണ് പെരിയാർ



ചെയ്യത്. അങ്ങനെയാണ് ലോകം അറിയുന്ന, ഇന്നും സാമൂഹ്യനീതി യുടേയും മനുഷ്യാന്തസ്സിന്റേയും പ്രതിരൂപമായ പെരിയാർ രാമസ്വാമി നിർമ്മിക്കപ്പെടുന്നത്.

കോൺഗ്രസും ജസ്റ്റീസ് പാർട്ടിയും തമിഴ് സമൂഹത്തിൽ എല്ലാമേഖല യിലും ആധിപത്യം പുലർത്തുക യും ഇതരമനുഷ്യരെ മൃഗ സമാന രായി പരിഗണിക്കുകയും ചെയ്യുന്ന ബ്രാഹ്മണ അധീശത്വത്തിനെതിരെ യായിരുന്നു പെരിയാറിന്റെ എക്കാ ലത്തെയും പോരാട്ടം. കോൺഗ്ര സ് പാർട്ടിയുടെ സംസ്ഥാനത്തെ സമുന്നതനായ നേതാവായിരി ക്കുമ്പോഴും പ്രസ്ഥാനത്തിലെ ബ്രാഹ്മണമേധാവിത്വവുമായി ആശയപരമായി വിയോജിച്ചുകൊ ണ്ടാണ് അദ്ദേഹം പാർട്ടിവിടുന്നത്. ഹിന്ദുമതത്തെക്കുറിച്ചും അതിന്റെ ആന്തരികമായ മനുഷ്യവിരുദ്ധത യെക്കുറിച്ചും ധാർമ്മികതയുടെ പിൻബലത്തിൽ ഗാന്ധി സ്വീക രിച്ച നിഷേധാത്മക നിലപാടും പുറത്തുപോകലിന്റെ മറ്റൊരുകാ രണമായി ഗ്രന്ഥകാരൻ വിവരിക്കു ന്നുണ്ട്. ( പുറം. 5257).

ഗാന്ധിയുമായി മൈസൂർ കൊട്ടാ രത്തിൽവെച്ചു നടന്ന ചർച്ച, ഈ വിഷയത്തിലുള്ള അദ്ദേഹത്തി ന്റെ ബ്രാഹ്മണപക്ഷപാതിത്വം വെളിവാക്കിയതായി ചൂണ്ടിക്കാ ണിക്കപ്പെടുന്നു. പരാജയപ്പെട്ട ആ സംവാദത്തിന് ശേഷമാണ് പെരിയാർ ജസ്റ്റീസ് പാർട്ടിയിൽ സജീവമാകുന്നതും സ്വാഭിമാനം എന്ന പരികല്പന വികസിപ്പിക്കുന്ന തും. അധഃസ്ഥിതർക്ക് സംവരണം ഉറപ്പാക്കുക, ജനങ്ങൾക്കിടയിലെ അസമത്വം ഒഴിവാക്കുക, ചാതുർ വർണ്യം ഇല്ലായ്മ ചെയ്യുക, തുട ങ്ങിയ ആവശ്യങ്ങൾ ശക്തമായി ഉന്നയിച്ചത് കോൺഗ്രസിനേയും അതിന്റെ നയങ്ങളേയും ചോദ്യം ചെയ്യാൻകൂടിയാണെന്ന് മനസി ലാക്കാം.

വിടുതലൈ, കുടി അരസ് തുട ങ്ങിയ പത്രങ്ങളിലൂടെ പെരിയാർ നടത്തിയ ആശയപ്രചാരണങ്ങളും സാമൂഹ്യവിമർശനങ്ങളും സൂക്ഷ്മ വും വിശദവുമായി പരിശോധിക്കു ന്നത് ഈ ഗ്രന്ഥത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട സവിശേഷതയാണ്. 1945 ജനുവരി 1 ന് കുടി അരസിൽ എഴുതിയ മുഖപ്രസംഗത്തിൽ ഇപ്രകാരം വായിക്കാം: ' സാമൂ ഹ്യപരിവർത്തനമെന്ന പേരിൽ അവിടവിടെ തൊട്ടുതൊടുവിച്ചുള്ള വെറും പ്രഹസനങ്ങൾ സമൂഹ ത്തിന് പ്രയോജനം ചെയ്യില്ല.

ഇന്നത്തെ സാമൂഹ്യഘടന ഒന്നാകെ ഉടച്ചുവാർക്കേണ്ടതാ ണ്. എങ്കിൽ മാത്രമേ ഉന്നത അധഃസ്ഥിത എന്നിങ്ങനെ വേർ തിരിവുകളില്ലാതെ, ജാതികൾ തന്നെയില്ലാത്ത ഒരു സമൂഹം കെ ട്ടിപ്പടുക്കാൻ കഴിയൂ. ( പുറം. 237). 1973 ഡിസംബർ 25 ന് പെരിയാർ എന്ന സമുന്നത നേതാവ് ഭൂമിയോട് ചേർന്നെങ്കിലും അദ്ദേഹം ഉയർത്തിയ ചോദ്യങ്ങൾ ഇന്നും പൂർണമായി പരിഹരിക്ക പ്പെടാതെ അവശേഷിക്കുന്നു. പെരിയാറിനെ വീണ്ടും വീണ്ടും വായിക്കേണ്ടതിന്റെ പ്രസക്തിയും അനിവാര്യതയും ഇതുതന്നെയാ ണെന്ന് ഉറപ്പിച്ചു പറയാം.

(ലേഖകൻ എഴുത്തുകാരനും മദ്രാസ് യൂണിവേഴ്സിറ്റിയിലെ മലയാള വിഭാഗം അസി. പ്രൊഫസറുമാണ്)








നമ്മുടെ ഭരണഘടനയെക്കുറിച്ച് ലളിതമായി പ്രതിപാദിക്കുന്ന പംക്തി

# ഭരണഘടനയും സുപ്രീം കോടതിയും

ഡോ. അഭയചന്ദ്രൻ കെ

ഇന്ത്യ അതിന്റെ മനോഹരവും മഹത്തരവുമായ ഭരണഘടയിലൂടെ ഏകവും ശ്രേണികൃതവുമായ കോടതിവ്യവസ്ഥയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇന്ത്യൻ ഭരണഘടന ഫെഡറൽ സമ്പ്രദായം സ്വീകരിച്ചിട്ടുണ്ടെങ്കിലും അതത് മേഖലകളിൽ കേന്ദ്ര, സംസ്ഥാന നിയമങ്ങൾ നിലവിലുണ്ടെങ്കിലും, കേന്ദ്രസംസ്ഥാന നിയമങ്ങളുടെ ഭരണഘടന സാധുത അന്തിമമായി പരിശോധിച്ച് തീർപ്പുകൽപ്പിക്കുന്നത് ഏകീകൃതമായ ഈ കോടതി സംവിധാനത്തിലാണ്. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ പരമോന്നതസ്ഥാനം അലങ്കരിക്കുന്നതു സുപ്രീം കോടതിയാണ് തുടർന്ന് ഓരോ സംസ്ഥാനങ്ങൾക്കോ സംസ്ഥാനങ്ങൾക്കു കൂട്ടമായോ ഓരോ ഹൈക്കോടതികളും ഉണ്ട്. ഹൈക്കോടതികളുടെ ഭരണത്തിന് കീഴിലാണ് ജില്ലാ കോടതികൾ. നിസ്സാരവും പ്രാദേശിക സ്വഭാവമുള്ള സിവിൽ, ക്രിമിനൽ തർക്കങ്ങൾ തീർപ്പാക്കാൻ ന്യായ പഞ്ചായത്ത്, ഗ്രാമ ന്യായാലയ, ഗ്രാമ കച്ചേരി എന്നിങ്ങനെ വിവിധ പേരുകളിൽ ചില സംസ്ഥാനങ്ങളിൽ വില്ലേജ്/പഞ്ചായത്ത് കോടതികളും പ്രവർത്തിക്കുന്നു. ഓരോ സംസ്ഥാനത്തെയും ഒരു ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് ജഡ്ജിയുടെ അധ്യക്ഷതയിൽ ജുഡീഷ്യൽ ഡിസ്ട്രിക്റ്റുകളായി തിരിച്ചിരിക്കുന്നു, ഇതിൽ വധശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കുറ്റകൃത്യങ്ങളും വിചാരണ ചെയ്യാവുന്ന ക്രിമിനൽ കോടതികളുൾപ്പെടെ പ്രധാന സിവിൽ കോടതികളും ഉൾപ്പെട്ടതാണ്.

### സുപ്രീം കോടതി

1935ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് പ്രകാരം ഇന്ത്യയിലെ പരമോന്നത കോടതിയെന്ന നിലയിൽ ഫെഡറൽ കോടതി സ്ഥാപിച്ചു എന്നാൽ സ്വാതന്ത്ര്യാനന്തരം ഫെഡറൽ കോടതിയുടെ അധികാരങ്ങൾ ഏറ്റെടുത്തുകൊണ്ടു ഇന്ത്യൻ ഭരണഘടന പ്രകാരം ഇന്ത്യൻ സുപ്രീം കോടതി സ്ഥാപിക്കപ്പെട്ടു. ഇന്ത്യൻ ജുഡീഷ്യൽ സംവിധാനം മൂന്ന് തലങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു. സുപ്രീംകോടതിയാണ് അവരോഹണ ശ്രേണിയുടെ ആരംഭത്തിലുള്ളത് അഥവാ ഏറ്റവും മുകൾത്തട്ടിലായി നിലകൊള്ളുന്നത്. ഇന്ത്യൻ ഭരണഘടനയുടെ അഞ്ചാം ഭാഗത്തിൽ നാലാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന രാജ്യത്തെ പരമോന്നത കോടതിയായ സുപ്രീം കോടതി ഭരണഘടനയുടെ ഔദ്യോഗിക വ്യാഖ്യാതാവും, സിവിൽ ക്രിമിനൽ ഭരണഘടന കേസുകളിലെ അന്തിമ അപ്പീൽ കോടതിയുമാണ്. അതുപോലെതന്നെ ഹൈക്കോടതിയുടെ വിധിയിൽ തൃപ്തരല്ലെങ്കിൽ നിബന്ധനകൾക്ക് വിധേയമായി അവർക്ക് പരമോന്നത കോടതിൽ നീതി തേടാൻ കഴിയുന്നതാണ്.

ഭരണഘടനയുടെ അനുച്ഛേദം 124 മുതൽ 147 വരെ സുപ്രീം കോടതിയുടെ ഘടനയും അധികാരപരിധിയും പ്രതിപാദിക്കുന്നു. ചീഫ് ജസ്റ്റിസാണ് സുപ്രീം കോടതിയെ നയിക്കുന്നതും നിയന്ത്രിക്കുന്നതും. 1950 ജനുവരി 26 നു ഭരണഘടന നിലവിൽ വരുമ്പോൾ ചീഫ് ജസ്റ്റിസും 7 ജഡ്ജിമാരുമായിരുന്നു സുപ്രീം കോടതി ജഡ്ജിമാരുടെ അംഗസംഖ്യ. സുപ്രീം കോടതിയിലെ ജഡ്ജിമാരുടെ എണ്ണം നിജപ്പെടുത്താനുള്ള ഉത്തരവാദിത്വം ഇന്ത്യൻ പാർലമെൻറിൽ നിക്ഷിപ്തമാണ്. കോടതിയുടെ പ്രവർത്തനം വർധിക്കുകയും കേസുകളുടെ എണ്ണം കുമിഞ്ഞുകൂടാൻ തുടങ്ങുകയും ചെയ്യതോടെ പാർലമെന്റ് 2019ൽ ജഡ്ജിമാരുടെ എണ്ണം 34 ആയി ഉയർത്തി. അതിൻപ്രകാരം ഇന്ത്യൻ രാഷ്ട്രപതി നിയമിക്കുന്ന ചീഫ് ജസ്റ്റിസും

മറ്റ് 33 ജഡ്ജിമാരും അടങ്ങുന്നതാണ് സുപ്രീം കോടതി. ഇവരെ ജുഡീഷ്യൽ കൊളീജിയത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിച്ചു കേന്ദ്ര ഗവർമെന്റിന്റെ ഉപദേശകപ്രകാരം ഇന്ത്യൻ രാഷ്ട്രപതിയാണ് നിയമിക്കുന്നത്. ജഡ്ജിമാരുടെ നിയമനങ്ങളും സ്ഥലംമാറ്റങ്ങളും ചീഫ് ജസ്റ്റിസിന്റേയും സുപ്രീം കോടതിയിലെ ഏറ്റവും മുതിർന്ന നാല് ജഡ്ജിമാരുടേയും ഒരു ഫോറം തീരുമാനിക്കുന്ന ഒരു സംവിധാനമാണ് കൊളീജിയം. സുപ്രീം കോടതിയിൽ ജഡ്ജിയായി നിയമിക്കപ്പെടുന്നതിന്, ഒരാൾ ഇന്ത്യൻ പൗരനായിരിക്കണം കൂടാതെ കുറഞ്ഞത് അഞ്ച് വർഷമെങ്കിലും, അഥവാ ഒരു ഹൈക്കോടതിയിലോ രണ്ടോ അതിലധികമോ ഹൈകോടതികളിലോ തുടർച്ചയായി ജഡ്ജിയായിരിക്കണം. അഥവാ കുറഞ്ഞത് 10 വർഷത്തേക്ക് തുടർച്ചയായി ഒരു ഹൈക്കോടതിയുടെയോ രണ്ടോ അതിലധികമോ ഹൈകോടതികളുടെയോ അഭിഭാഷകൻ അല്ലെങ്കിൽ രാഷ്ട്രപതിയുടെ അഭിപ്രായത്തിൽ അദ്ദേഹം ഒരു വിശിഷ്ട നിയമജ്ഞനായിരിക്കണം. ജഡ്ജിമാരുടെ വിരമിക്കൽ പ്രായം 65 വയസ്സായി നിജപ്പെടുത്തിയിരിക്കുന്നു.

ആദ്യ വർഷങ്ങളിൽ സുപ്രീം കോടതിയിലെ എല്ലാ ജഡ്ജിമാരും കേസുകൾ കേൾക്കാൻ ഒരുമിച്ചു ഇരുന്നു. പിന്നീട് വിവിധ ബഞ്ചുകളായി തിരിഞ്ഞു കേസുകൾ കേൾക്കാൻ ആരംഭിച്ചു. അഞ്ചോ അതിലധികമോ ജഡ്ജിമാരുള്ള സുപ്രീം കോടതിയുടെ ബെഞ്ചാണ് ഭരണഘടനാ ബെഞ്ച്. ഈ ബെഞ്ചുകൾ ഒരു സാധാരണ പ്രതിഭാസമല്ല. സുപ്രീം കോടതിയുടെ മുമ്പാകെയുള്ള ബഹുഭൂരിപക്ഷം കേസുകളും രണ്ട് ജഡ്ജിമാരുടെ (ഡിവിഷൻ ബെഞ്ച് എന്ന് വിളിക്കപ്പെടുന്നു), ചിലപ്പോൾ മൂന്ന് പേരടങ്ങുന്ന ബെഞ്ചാണ് കേൾക്കുന്നതും തീർപ്പുണ്ടാക്കുന്നതും.

ഭരണഘടനയുടെ പാർട്ട് മൂന്നിൽ പ്രതിപാദിക്കുന്ന വിവിധങ്ങളായ മൗലികാവകാശങ്ങളുടെ സംരക്ഷകനാണ് സുപ്രീം കോടതി അതായത് ഭരണഘടനയുടെ അനുച്ഛേദം 32 പ്രകാരം ഇന്ത്യൻ പൗരന്മാർക്ക് അവരുടെ മൗലികാവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ നേരിട്ട് സുപ്രീം കോടതിയെ സമീപിച്ചുകൊണ്ടു പരിഹാരം തേടാവുന്നതാണ്. സവിശേഷമായ ജുഡീഷ്യൽ റിവ്യൂ എന്ന അധികാരം ഉപയോഗിച്ചുകൊണ്ട് മൗലികാവകാശങ്ങൾക്ക് വിരുദ്ധമെന്നു കണ്ടെത്തുന്ന നിയമങ്ങളും സർക്കാർ നടപടി ക്രമങ്ങളും റദ്ദാക്കാൻ കഴിയുന്നു.

**സുപ്രീം കോടതിയുടെ അധികാരപരിധി**

ഒറിജിനൽ ജൂറിസ്ഡിക്ഷൻ, അപ്പീൽ ജൂറിസ്ഡിക്ഷൻ, ഉപദേശക അധികാരം തുടങ്ങിയവ ഉൾപ്പെടെ സുപ്രീം കോടതിക്ക് വളരെ വിശാലമായ അധികാര പരിധികളാണ് ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ ഭരണഘടനയുടെ അനുച്ഛേദം 32 പ്രകാരം മൗലികാവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടി നേരിട്ടു സുപ്രീം കോടതിയെ സമീപിക്കുന്നതുതന്നെ ഇന്ത്യൻ പൗരന്റെ മൗലികാവകാശമാണ്. മൗലികാവകാശങ്ങളുടെ സംരക്ഷകനെന്ന നിലയിൽ മനുഷ്യാവകാശങ്ങളും വ്യക്തി സ്വാതന്ത്ര്യങ്ങളും ഉറപ്പുവരുത്താനും ലോകത്തുണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങൾക്ക് അനുസൃതമായി വ്യക്തിസ്വാതന്ത്ര്യങ്ങളെ വിപുലീകരിക്കാനും സുപ്രീം കോടതിക്കു കഴിഞ്ഞിട്ടുണ്ട്.

അനുച്ഛേദം 131 കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലോ അഥവാ സംസ്ഥാനങ്ങൾ തമ്മിലൊ ഉള്ള നിയമപരവും ഭരണഘടനാപരവുമായ തർക്കങ്ങൾ പരിഹരിക്കുന്ന പ്രത്യേക അധികാരപരിധി വിഭാവനം ചെയ്യുന്നു. ഇതുപ്രകാരം കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾക്കു നേരിട്ടു സുപ്രീം കോടതിയെ സമീപിക്കാവുന്നതാണ്. മറ്റൊരു കോടതിക്കും കേൾക്കാനോ തീരുമാനിക്കാനോ കഴിയാത്തതും അതേസമയം ആ കേസ് ആദ്യഘട്ടത്തിൽ കേൾക്കാനും തീരുമാനിക്കാനും അധികാരമുള്ള സുപ്രീം കോടതിയുടെ പ്രത്യേക അവകാശമാണിത്. തർക്ക വിഷയങ്ങൾ കേവലമായ ഒരു രാഷ്ട്രീയ പ്രശ്നമല്ലെന്നും അതിൽ നിയമമോ വസ്തുതപരമൊ ആയ ചോദ്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും കോടതിക്കു ബോധ്യപ്പെടണം. അനുച്ഛേദം 131 ന്റെ ഉദ്ദേശ്യം ഫെഡറൽ സംവിധാനത്തിന്റെ വെളിച്ചത്തിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് ഒരു ഭരണഘടന സംവിധാനം നൽകുക എന്നതാണ്. സുപ്രീംകോടതിയിൽ നിക്ഷിപ്തമായിരിക്കുന്ന ഈ അധികാരപരിധി ഫെഡറൽ ഭരണ സംവിധാനം വിഭാവനം ചെയ്യുന്ന ഏതൊരു ഭരണഘടനയുടേയും അത്യന്താപേക്ഷിത ഘടകമാണ്. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള, സംസ്ഥാനങ്ങൾ തമ്മിൽ തമ്മിലുള്ള തർക്കങ്ങൾ ഭരണഘടന തത്വങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് പരിഹരിക്കേണ്ട ഒരു ഭരണഘടന സ്ഥാപനമാണ് സുപ്രീം കോടതിയെന്ന തിരിച്ചറിവാണ് ഈ അനുച്ഛേദം ഭരണഘടനയിൽ ഉൾപ്പെടുത്തിയതിന് പിന്നിലുള്ള കാരണം. പ്രത്യേക സ്വഭാവത്തിലുള്ള തർക്കങ്ങൾ തീർപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഭരണഘടന വ്യവസ്ഥയെന്ന നിലയിൽ പൊതു വ്യവഹാരത്തിന് സിവിൽ കോടതികൾക്ക് നൽകുന്ന അവകാശ വ്യവസ്ഥയുമായി തുലനം ചെയ്യാനാവില്ല. അതുകൊണ്ടുതന്നെ ഫെഡറൽ സ്വഭാവത്തിന്റെ വെളിച്ചത്തിൽ ഉയർന്നുവരുന്ന നിയമ തർക്കങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ സ്വതന്ത്ര ഭരണഘടന സ്ഥാപനമായ സുപ്രീം കോടതിയെത്തന്നെ ഭരമേല്പിച്ചതിനു പിന്നിൽ ഭരണഘടനയുടെ സ്വഭാവത്തെക്കുറിച്ചുള്ള ഭരണഘടന ശില്പികളുടെ കാഴ്ചപ്പാട് വ്യക്തമാണ്. എന്നാൽ ചില കാര്യങ്ങൾ സുപ്രീം കോടതിയുടെ അധികാര പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. അവ ഭരണഘടനയ്ക്കു മുമ്പ് നിലവിൽവന്നതും പ്രാബല്യത്തിലിരിക്കുന്നതുമായ ഉടമ്പടികൾ, സംസ്ഥാനങ്ങൾ തമ്മിൽ നിലനിന്നുപോരുന്ന കീഴ്വഴക്കങ്ങൾ, അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ, ധനകാര്യ കമ്മീഷനെ സംബന്ധിച്ച തർക്ക



ങ്ങൾ തുടങ്ങിയവയാണ്.

ഭരണഘടനയുടെ വ്യാഖ്യാനം ഉൾപ്പടെയുള്ള പ്രധാനപ്പെട്ട ചോദ്യങ്ങളിൽ സുപ്രീം കോടതിയാണ് അവസാനമായി തീർപ്പു കല്പിക്കേണ്ടത്. തന്നെയുമല്ല, ഭരണഘടന വ്യാഖ്യാനങ്ങളിൽ ഹൈക്കോടതികൾ വ്യത്യസ്ത അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നത് അഭികാമ്യമല്ല. ആയതിനാൽ, ഹൈകോടതിയുടെ വിധിക്കു പുറമെ ചില ഭരണഘടന വ്യാഖ്യാനങ്ങളിൽ സുപ്രീം കോടതിയുടെ തീരുമാനം ആവശ്യമാണെന്നു ഹൈകോടതിക്കു തോന്നുന്ന പക്ഷം പ്രസ്തുത കോടതിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി സുപ്രീം കോടതിയിൽ അപ്പീലിനു പോകാവുന്നതാണ്. ഭരണഘടനയുടെ വ്യാഖ്യാനം ഉൾപ്പടെയുള്ള ചോദ്യങ്ങളിൽ സുപ്രീം കോടതിയാണ് അവസാനമായി തീർപ്പു കല്പിക്കേണ്ടതെന്ന ആശയമാണ് ഇതിനു പിന്നിലുള്ളത്. ഭരണഘടന വ്യാഖ്യാനങ്ങളിൽ ഹൈക്കോടതികൾ വ്യത്യസ്ത അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നത് അഭികാമ്യമല്ല. അനുച്ഛേദം 132(1), 133(1), 134 എന്നിവ പ്രകാരം ഹൈക്കോടതി നൽകുന്ന ഒരു സർട്ടിഫിക്കറ്റ് മുഖേന സിവിൽ, ക്രിമിനൽ കേസുകൾ അഥവാ ഭരണഘടനയുടെ വ്യാഖ്യാനം സംബന്ധിച്ച് സുപ്രീം കോടതിയിൽ അപ്പീൽ നൽകാവുന്നതാണ്. ഹൈക്കോടതിയുടെ അഭിപ്രായത്തിൽ കേസിൽ പൊതുതാൽപ്പര്യമുള്ള പ്രധാനപ്പെട്ട ചോദ്യം അടങ്ങിയിട്ടുണ്ടെന്നും അഥവാ ഹൈക്കോടതിയുടെ അഭിപ്രായത്തിൽ കേസിൽ അടങ്ങിയിട്ടുള്ള ചില ചോദ്യങ്ങൾ സുപ്രീം കോടതിയുടെ അന്തിമതീരുമാനം ഉണ്ടാകണമെന്നും ബന്ധപ്പെട്ട ഹൈക്കോടതി സാക്ഷ്യപ്പെടുത്തുന്ന കേസുകളാണ് പൊതുവെ സുപ്രീം കോടതി അപ്പീൽ കേസുകളാണ് സ്വീകരിക്കാറുള്ളത്.

**ജുഡീഷ്യൽ സ്വാതന്ത്ര്യം**

സ്വതന്ത്രമായി പ്രവർത്തിക്കേണ്ട ഒരു ഭരണഘടനാസ്ഥാപനമാണ് കോടതികൾ. ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് ഏതെങ്കിലും തരത്തിലുള്ള സ്വാധീനത്തിനു കോടതികൾ വശംവദരാകാൻ പാടില്ല. ജഡ്ജിമാരുടെ നിയമനങ്ങളിലൂടെയും അവരുടെ സ്ഥാനക്കയറ്റത്തിലൂടെയും സ്വാധീനങ്ങൾ ചെലുത്തുവാൻ എപ്പോഴൊക്കെ കേന്ദ്ര ഗവൺമെന്റുകൾ ശ്രമിച്ചിട്ടുണ്ടോ അപ്പോഴൊക്കെ അതിനെ തടയുകയും അത്തരത്തിലുള്ള ഇടപെടലുകൾ സ്വതന്ത്രമായ ജുഡീഷ്യൽ സംവിധാനത്തിന് എതിരാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. സുപ്രിംകോടതി ജഡ്ജിമാരുടെ സ്വാതന്ത്ര്യം വിവിധ രീതികളിൽ ഉറപ്പാക്കാൻ ഭരണഘടന ശ്രമിക്കുന്നു. ജഡ്ജിമാരെ നിയമിക്കൽ, അവരുടെ സേവന വേതന വ്യവസ്ഥകൾ, വിരമിക്കൽ, വിരമിക്കലിനു ശേഷമുള്ള ജോലികൾ തുടങ്ങിയവ സ്വതന്ത്ര കോടതികളെന്ന ആശയം ഉറപ്പാക്കാൻവേണ്ടി ഭരണഘടനയിൽ മതിയായ വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. തെളിയിക്കപ്പെട്ട മോശം പെരുമാറ്റത്തിന്റെയോ കഴിവില്ലായ്മയുടെയോ അടിസ്ഥാനത്തിൽ പാർലമെൻറിൽ ഹാജരായ അംഗങ്ങളുടെ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ പാസ്സാക്കുന്ന ഇംപീച്ച്മെന്റ് പ്രോസസ്സിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രപതിക്കു മാത്രമേ സുപ്രീം കോടതി ജഡ്ജിയെ പുറത്താക്കാൻ കഴിയുകയുള്ളൂ. ജഡ്ജിമാർ രാജിവച്ച് രാഷ്ട്രീയത്തിന്റെ ഭാഗമാവുകയും തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുകയും ജഡ്ജിമാർ അവരുടെ വിരമിക്കലിനു ശേഷം രാഷ്ട്രീയ പദവികൾ ഏറ്റെടുക്കുന്നതും സംസ്ഥാനങ്ങളിൽ ഗവർണർമാരായി നിയമിക്കപ്പെടുന്നതും വലിയതോതിൽ വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തികൾ ഇന്ത്യൻ ജുഡീഷ്യറിയുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളെ ചെറിയ തോതിലെങ്കിലും കളങ്കപ്പെടുത്തിയിട്ടുണ്ട്. ധീരവും സ്വതന്ത്ര്യവുമായ കോടതി വ്യവസ്ഥ ഒരു ശരിയായ ജനാധിപത്യ ക്രമത്തിന്റെ അത്യന്താപേക്ഷിത ഘടകമാണ്.

(ലേഖകൻ കൊച്ചി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ അസി. പ്രൊഫസറാണ്)




തൃശ്ശൂർ ജില്ല പ്രവേശനോത്സവവും ഉന്നതി സ്റ്റുഡൻസ് ക്ലബ് ഉദ്ഘാടനവും മന്ത്രി കെ രാധാകൃഷ്ണൻ നിർവ്വഹിക്കുന്നു

# ഉന്നതി സ്റ്റുഡന്റ്സ് ക്ലബ്ബുകൾക്ക് തുടക്കം

തൃശ്ശൂർ ജില്ല പ്രവേശനോത്സവവും ഉന്നതി സ്റ്റുഡൻസ് ക്ലബ്ബ് സംസ്ഥാനതല ഉദ്ഘാടനവും ചേലക്കര ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമം,ദേവസ്വം, പാർലമെന്ററി കാര്യമന്ത്രി കെ രാധാകൃഷ്ണൻ നിർവഹിച്ചു. ചടങ്ങിൽ എംആർഎസിലെ 101 വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങളുടെ വിതരണവും, സംസ്ഥാനത്തെ എംആർഎസ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കുള്ള ഏകീകൃത സ്കൂൾ യൂണിഫോമിന്റെ പ്രകാശനവും മന്ത്രി നിർവ്വഹിച്ചു.

2024 വർഷം എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളേയും ചടങ്ങിൽ അനുമോദിച്ചു. ചടങ്ങിൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ എം അഷ്റഫ് അധ്യക്ഷത വഹിച്ചു. ജില്ലാ പട്ടികജാതി വികസന ഓഫീസ് ഉഷ കെ നായർ സ്വാഗതം പറഞ്ഞു.



കേരള എംപവർമെന്റ് സൊസൈറ്റി നടപ്പാക്കുന്ന വിവിധ പദ്ധതികൾ മന്ത്രി കെ. രാധാകൃഷ്ണൻ വിലയിരുത്തുന്നു.



# ഷാംപൂർകണ്ടി ഗ്രാമത്തിലെ സായാഹ്നം

രാധാകൃഷ്ണൻ ചെറുവല്ലി

**ഇന്ത്യൻ യാത്രകൾ** | **നദീതടങ്ങളിൽ കടുക പൂക്കുന്ന കാലം 6**

സന്ധ്യ മരങ്ങൾക്കുമേൽ നിഴൽ വീഴ്ത്തുകയും ആകാശത്ത് പലതരം വർണ്ണങ്ങൾകൊണ്ട് ചിത്രങ്ങൾ വരയ്ക്കുകയും ചെയ്ത ഒരു നേരത്താണ് ഞങ്ങൾ ഷാപൂർകണ്ടി ഗ്രാമത്തിലെ ഒരു വർക്ഷോപ്പിനുമുന്നിൽ കാർ നിർത്തിയത്. അസാധാരണമാംവിധം ഉയർന്ന് പൂവിട്ടു നില്ക്കുന്ന ഒരു കടുകുപാടം കണ്ടു.

മൂന്നാലു മനുഷ്യർ കുളിരു പുതച്ചിരുപ്പുണ്ട്. അനുവാദം ചോദിച്ച് കടുക്പാടത്തേക്കു കടന്നു. ഉടുത്ത പൂവുകൾ,പൂക്കുലകൾ. അവ കാറ്റത്ത് അക്ഷമരാകുന്നുണ്ട്. ഈ കള്ളക്കാറ്റിന്റെ ഇംഗിതത്തിനനുസരിച്ച് തലയാട്ടിയാട്ടി മടുത്തിട്ടുണ്ടാവും. സന്ധ്യ കറുത്ത കമ്പളവുമായി കടന്നു വരുന്നുണ്ട്. ചുവപ്പുരാശി പീതവർണ്ണത്തിൽ ചാലിക്കുമ്പോൾ വർണ്ണസങ്കല്പങ്ങൾ മാറുന്നു. കുളിരു പുതച്ച മനുഷ്യർ ഞങ്ങൾക്കായി സ്നേഹം പകുത്ത് ഒരു ബഞ്ചു തന്നു.നെഞ്ചുനിറയെ സൗഹൃദം പകർന്നു. എരുമപ്പാലും ഇഞ്ചിയും ഏലക്കായും ഏറെ ചൂടും കലർത്തി ചായതന്നു. അപ്രതീക്ഷിതമായി ലഭിച്ച സ്നേഹപ്രവാഹത്തിൽ ഞങ്ങൾ തരളിതരായി. തണുപ്പും കാറ്റും ദാരിദ്ര്യവും കയറിയിറങ്ങിപ്പോകുന്ന ഈ ഗ്രാമത്തിൽ,പക്ഷെ അവർ ചിരിക്കാൻ മറക്കുന്നില്ല.യാത്രികരെ ചേർത്തുപിടിക്കാൻ മറക്കുന്നുമില്ല.

ഇരുചക്രവാഹനങ്ങൾ നന്നാക്കുന്ന വർക്ക്ഷോപ്പ് നടത്തുകയാണ് ബൽബീർ സിംഗ്.നാല്പതുവയസ്സോളം വരും ബൽബീറിന്. വല്ലപ്പോഴും ഒരു ബൈക്ക് എത്തിയാലായി.ഷാംപൂരിൽ ഏറെ ബൈക്കുകളൊന്നും ഇല്ലല്ലോ. ഡെൽഹൗസിയിലേക്കു സാഹസിക യാത്രനടത്തുന്ന യുവതീയുവാക്കളാണ് പ്രതീക്ഷ. പുതിയ കുട്ടികൾ അതിശയപ്പിറപ്പുകളാണെന്ന് ബൽബീർ.അവരുടെ വസ്ത്രംപോലെ തുറന്നതാണ് മനസ്സും എന്നു അയാൾ നിരീക്ഷിച്ചു.


ചായ തീർന്നു.നല്ലതെല്ലാം വേഗം തീർന്നു പോകുന്നു. സവിശേഷമായ മൺ കലങ്ങളിലാണ് വെള്ളം ശേഖരിക്കുന്നത്. വേനൽക്കാലത്തെ ദാഹം തീർക്കുന്ന നീർക്കുടങ്ങൾ വേറെയും കണ്ടു. രബിനദിയിലേക്ക് ഒഴുകിപ്പോകുന്ന നീർച്ചാലുകൾ വേനലെത്തുമ്പോൾ അപ്രത്യക്ഷമാകും.അപ്പോൾ കിണറുകളും കുഴൽക്കിണറുകളുമാണ് രക്ഷ.

ദാരിദ്ര്യം മനുഷ്യരെ ഒരുപോലാ

കുന്നു. പഞ്ചാബ് മൊത്ത വരുമാനത്തിലും പ്രതിശീർഷവരുമാനത്തിലും മുമ്പിലെ ങ്കിലും സാമൂഹ്യ സുരക്ഷയിൽ കേരളത്തേക്കാൾ പിന്നിലാണ്.

പത്താൻകോട്ട് എത്തുന്ന സഞ്ചാരികളേയും കാത്ത് കാഴ്ചകളുടെ മഹാസാഗരമൊന്ന് കാത്തിരിപ്പുണ്ട്. പഞ്ചാബ്-ജമ്മു&കാശ്മീർ അതിർത്തിയിലെ രഞ്ജിത്ത് സാഗർ ഡാമാണത്. രവി നദിയിലെ ഹൈഡ്രോ ഇലട്രിക്ക് പദ്ധതിയാണത്. ജനവാസം കുറഞ്ഞ പ്രദേശങ്ങൾ പിന്നിട്ട് തികച്ചും വിജനവും വന്യവുമായ ഇടങ്ങളിലെത്തും. മരങ്ങളാലും കുറ്റിച്ചെടികളാലും തീർത്ത വന്യതയല്ല അത്. ആൾപ്പാർപ്പൊഴിഞ്ഞ ബഹുനില മന്ദിരങ്ങളങ്ങനെ













നിരനിരയായി നില കൊള്ളുന്നു. ചുറ്റും കാട്ടുചെടികളുടെ കാവൽ ക്കോട്ട. ഇരുണ്ട അന്തർഭാഗങ്ങ ളിൽ ഒഴിഞ്ഞുപോയ തൊഴിലാളി കളുടെ നെടുവീർപ്പുകൾ ഇപ്പോഴും കുടിപാർക്കുന്നു. 1953ൽ സാധ്യതാ പഠനം നടത്തി 1983ൽ പണി യാരംഭിച്ച് 2000ൽ കമ്മീഷൻ ചെയ്യപ്പെട്ട ഈ ഡാം പണിതുയർ ത്താൻ പരശതം തൊഴിലാളികൾ പണിയെടുത്തിരുന്നു. അവർക്കു പാർക്കാൻ കെട്ടിടങ്ങളും ഒരുക്കി. ഡാം പണി പൂർത്തിയായതോടെ തൊഴിലാളികൾ അധികപ്പറ്റായി. അവകാശങ്ങൾക്കായി അവർ നട ത്തിയ പോരാട്ടങ്ങൾ സിഐടിയു എന്നപേരായി, മുദ്രാവാക്യങ്ങളാ യി ചുമരിൽ പതിഞ്ഞു കിടപ്പുണ്ട്.

നീലസമുദ്രമെന്നേ തോന്നൂ, ഡാ മിലേക്കു നോക്കി നില്ക്കുമ്പോൾ. ദേശാടനപ്പക്ഷികൾ നീല ജലാശയത്തിൽ നീന്തുകയും പറക്കുകയും ചെയ്യുമ്പോൾ നാടൻ പക്ഷികൾ അതു നോക്കി മരച്ചില്ല കളിലിരിക്കുന്നു. അതിലൊരാൾ ചോദിക്കുന്നു, താനേതു നാട്ടുകാര നാണെന്ന്. കരിയിലക്കിളികളുടെ നാട്ടിൽ നിന്നെന്നുപറഞ്ഞപ്പോൾ അവൻ ചിറകുകളുയർത്തി അഭി വാദ്യം ചെയ്തു. ജീവിതംപോലെ വളവുതിരിവുകളും കയറ്റിറക്കങ്ങ ളുമുള്ള തടാകതീരവും കുഞ്ഞുതിര കളും മുഖമുരസുന്നതും നോക്കി നി ല്ക്കുക അതീവാനന്ദപ്രദമാണ്. ഇരു സംസ്ഥാനങ്ങളും ഇണങ്ങിയും പി ണങ്ങിയും വെള്ളവും വൈദ്യുതി യും പങ്കിടുന്ന ഈ ഡാം ഷാംപൂർ കണ്ടി ഗ്രാമത്തിലാണ്. ശിവാലി ക് കുന്നുകളുടെ ശിഖിരങ്ങൾ ഈ ഡാം തൊടുന്നു. മണ്ണുകൊണ്ട് നിർമ്മിച്ച ഈ ഡാം ഇന്ത്യയിലെ ഏറ്റവും ഉയരത്തിലുള്ളതാണ്. ആകാശത്ത് മേഘങ്ങൾ പിരിയു കയും ചേരുകയും ചെയ്യുമ്പോൾ രഞ്ജിത് സാഗരകാൻവാസിൽ ചിത്രവർണ്ണങ്ങളും മാറുന്നു.

(തുടരും)

(ലേഖകൻ എഴുത്തുകാരനും ചിന്ത പബ്ലിഷേഴ്സിൽ സബ് എഡിറ്ററുമാണ്)



പ്രാക്തനം

# നങ്ക അങ്ങാടി

**സുരേഷ് ഗോപി**

വയനാട് ജില്ലയിൽ കോവിഡ് വ്യാപനമുണ്ടായപ്പോൾ ആദിവാസി മേഖലകളിൽ നിത്യോപയോഗ സാധനങ്ങൾ എത്തിച്ചു വിതരണം ചെയ്യാൻ വേണ്ടി തുടക്കം കുറിച്ചതാണ് നങ്ക അങ്ങാടി. ആ ശ്രമങ്ങൾക്ക് കൈത്താങ്ങായി വയനാട് കുടുംബശ്രീ മിഷൻ കൂടെ അണിചേർന്നപ്പോൾ നങ്ക അങ്ങാടികൾ എന്ന സ്വപ്നം യാഥാർത്ഥ്യമാകുകയായിരുന്നു. കാട്ടുനായ്ക്ക ഭാഷയിൽ ഞങ്ങളുടെ അങ്ങാടി എന്നാണ് അർത്ഥം. ആദിവാസി മേഖലകളിൽ താമസിക്കുന്നവർക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനായി അവരുടെ ഇടങ്ങളിലേക്ക് കടന്നു വന്നതാണ് ഈ അങ്ങാടി. കുടുംബശ്രീ തിരുനെല്ലി ആദിവാസി സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി ഓരോ ആദിവാസി മേഖലകളിലും അവർക്ക് ആവശ്യമായ വീട്ടുപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് നങ്ക അങ്ങാടികൾ തുടങ്ങാൻ പദ്ധതിയിട്ടു. ആദ്യഘട്ടത്തിൽ ടൗണിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ കുടുംബശ്രീ അധികൃതരുടെ സഹായത്തോടെ നിവാസികൾ കടകളിൽ എത്തിച്ചു വിതരണം ചെയ്യാൻ തുടങ്ങി. നിവാസികളിലുള്ള ഒരാൾക്ക് കടയുടെ ചുമതല നൽകി. അങ്ങനെ അത് അവരുടെ അങ്ങാടിയായ് മാറി ”നങ്ക അങ്ങാടി”. അറുപതോളം നങ്ക അങ്ങാടികൾ പ്രവർത്തിക്കുന്നുണ്ട്. നിവാസികൾക്ക് മിതമായ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുകയാണ് നങ്ക അങ്ങാടികളുടെ ലക്ഷ്യം.

കുടുംബശ്രീ നൽകുന്ന ലോൺ മുഖേനയാണ് നങ്ക അങ്ങാടികൾ തുടങ്ങാൻ അവസരം. ഒരു കടയ്ക്ക് 30,000 രൂപയാണ് ലോൺ അനുവദിക്കുന്നത്. ആഴ്ച്ച തോറും 500 രൂപ തിരിച്ചടക്കണം. പണിയ, അടിയ, കാട്ടുനായ്ക്ക വിഭാഗത്തിലെ സ്ത്രീകൾക്കാണ് ഭൂരിഭാഗം നങ്ക അങ്ങാടികളുടേയും ചുമതല.

**ജന്മശതാബ്ദി വർഷത്തിൽ മൃണാൾ സെന്നിന്റെ ജീവിതത്തേയും ചലച്ചിത്രങ്ങളേയുംകുറിച്ച് എഴുതുന്നു.**

# ചലച്ചിത്രഭാഷയെ പുതുക്കിപ്പണിത കുമാർ സഹാനി



രാജേഷ് കെ. എരുമേലി

ഇന്ത്യൻ സിനിമയെ ലോക സിനിമയോളം ഉയർത്തിയ ചലച്ചിത്ര പ്രതിഭയായിരുന്നു കുമാർ സഹാനി (1940-2024). 1972ൽ പുറത്തിറങ്ങിയ 'മായാ ദർപ്പൻ' (ഭ്രമാത്മക കണ്ണാടി) എന്ന ഒറ്റ സിനിമ മതി അദ്ദേഹം എക്കാലവും ഓർമ്മിക്കപ്പെടാൻ. ഇന്ത്യൻ സമാന്തര സിനിമാ പ്രസ്ഥാനത്തിലെ ഏറ്റവും ശ്രദ്ധേയമായ ചിത്രമാണിത്. സത്യജിത് റേ, മൃണാൾ സെൻ, ഋത്വിക് ഘട്ടക് എന്നിവരിലൂടെ വളർന്ന സിനിമാ വഴികളിലെ തുടർച്ചയായിരുന്നു കുമാർ സഹാനിയുടെ ചലച്ചിത്രങ്ങളും. ഇന്ത്യൻ സിനിമയുടെ നാഴികക്കല്ലായി ഈ സിനിമയെ കണക്കാക്കപ്പെടുന്നു. അദിതിയും അനിൽ പാണ്ഡ്യയുമാണ് ചിത്രത്തിൽ അഭിനയിക്കുന്നത്.

വടക്കേ ഇന്ത്യയിലെ ഒരു പട്ടണത്തെ മുൻനിർത്തിയാണ് മായാ ദർപ്പണിന്റെ കഥ വികസിക്കുന്നത്. 1947 ൽ ഇന്ത്യ സ്വതന്ത്രമായെങ്കിലും പൂർണമായ രാഷ്ട്രീയ അസ്ഥിത്വത്തിലേക്ക് കടക്കാതിരുന്ന സന്ദർഭവും ഫ്യൂഡൽ അധികാരം നിലനിൽക്കുമ്പോൾ തന്നെ നെഹ്റുവിയൻ സോഷ്യലിസത്തിന്റെ പരീക്ഷണ ഘട്ടത്തെയുമാണ് സിനിമ പ്രതിനിധാനം ചെയ്യുന്നത്. അക്കാലത്തെ ഇന്ത്യൻ രാഷ്ട്രീയ കാലാവസ്ഥയിലേക്കുള്ള എത്തിനോട്ടമാണ് ഈ സിനിമ.

തരൺ (അദിതി) സമ്പന്നനായ ഒരു ഭൂവുടമയുടെ (അനിൽ പാണ്ഡ്യ) മകളാണ്, അവളുടെ പിതാവിനും വിധവയായ അമ്മായി(കാന്ത വ്യാസ്)യും ഒപ്പം അവരുടെ പഴയ വീട്ടിലാണ് ഇവർ താമസിക്കുന്നത്. സിനിമയിലുടനീളം ഉയർന്ന വീടിനെ ചിത്രീകരിക്കുന്നുണ്ട്. ഇത്തരം വീടുകളെല്ലാം ആ പ്രദേശത്തെ ഉയർന്ന വിഭാഗത്തെയാണ് പ്രതിനിധീകരിക്കുന്നത്. തരണുമായി പ്രാദേശിക റെയിൽറോഡ് എഞ്ചിനീയർ (ഇഖ്ബാൽനാഥ് കൗൾ) പ്രണയത്തിലാണ്. വീട്ടുകാർക്ക് അതിൽ താൽപര്യമില്ല. ഈ സമയത്താണ് പുതുതായി രൂപീകരിച്ച തൊഴിലാളി യൂണിയനുകളുടെ പ്രതിഷേധങ്ങൾക്ക് നഗരം സാക്ഷ്യം വഹിക്കുന്നത്. വർഗപരമായി നോക്കുമ്പോൾ സാമ്പത്തികമായി ഉയർന്നു നിൽക്കുന്ന തരണിന്റെ സഹോദരൻ, ആസാമീസ് തേയിലത്തോട്ടത്തിലേക്ക് യാത്രയാകുന്നു. ഇതിൽ തന്നോടൊപ്പം ചേരാൻ അയാൾ തരണിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

എഞ്ചിനീയറുമായുള്ള തരണിന്റെ പ്രണയം പുരുഷാധിപത്യ സമീപനമുള്ള സഹോദരൻ ഒരിക്കലും അംഗീകരിക്കുന്നില്ല. സമ്പന്നനെ വിവാഹം കഴിക്കണമെന്ന അയാളുടെ സമ്മർദ്ദം വർധിച്ചതോടെ തന്റെ പ്രണയത്തെക്കുറിച്ച് അച്ഛനോട് പറയാൻ തരൺ തീരുമാനിച്ചു. അതിലൂടെ രൂപപ്പെടുന്ന സംഘർഷങ്ങളാണ് സിനിമയെ ശ്രദ്ധേയമാക്കുന്നത്. 1972ൽ ക്രിട്ടിക്സ് ചോയ്സ് മികച്ച ചിത്രത്തിനുള്ള ഫിലിംഫെയർ അവാർഡ് മായാ ദർപൺ നേടി, എന്നാൽ ആദ്യ ഘട്ടത്തിൽ സിനിമയെക്കുറിച്ച് കാര്യമായ ചർച്ചകളൊന്നും നടന്നില്ലെങ്കിലും പിന്നീട് ഏറെ സംവാദങ്ങളുണ്ടായി. മുഖ്യധാരയേയും സമാന്തരതയേയും കൂട്ടിച്ചേർക്കാൻ ശ്രമിക്കുന്നു എന്നതായിരുന്നു മായാ ദർപ്പൻ സംവാദത്തിലെ മുഖ്യ പ്രശ്നമായി ഉയർത്തപ്പെട്ടത്. മാത്രമല്ല നിർണായകമായ സാമൂഹിക പ്രശ്നം അവതരിപ്പിക്കുന്നു എന്നതും അക്കാലത്ത് ഇത്തരമൊരു ചർച്ചയുടെ ഗൗരവം വർധിപ്പിച്ചു.

1984ലാണ് മുഴുനീള ഫീച്ചർ സിനിമയായ തരംഗ് പുറത്തു വരുന്നത്. തൊഴിൽ പ്രശ്നങ്ങൾ കൈകാര്യം



ചെയ്ത സിനിമയാണ് തരംഗ്. ഈ സിനിമ ചെയ്യുന്ന സമയത്ത് ഐസൻസ്റ്റീന്റെ ബാറ്റിൽഷിപ്പ് പോട്ടെംകിൻ തന്റെ മനസിലുണ്ടായിരുന്നെന്ന് സഹാനി പറയുന്നുണ്ട്. അതുകൊണ്ട് തന്നെ ആ സിനിമയുടെ അനുകരണമായി മാറാതിരിക്കാൻ ബോധപൂർവം ശ്രദ്ധിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്. തരംഗിന്റെ പല ഷോട്ടുകളും അതീവ ജാഗ്രതയോടെയാണ് എടുത്തിട്ടുള്ളതെന്നും ഒരു അഭിമുഖത്തിൽ സഹാനി പറയുന്നുണ്ട്.

അദ്ദേഹം പറയുന്നു: തരംഗ് ഉദാഹരണമായി, ഞാൻ ഒരു സ്ട്രൈക്ക് സീക്വൻസ് ഷൂട്ട് ചെയ്യുകയായിരുന്നു. ഒരാൾക്ക് ഐസൻസ്റ്റീനെ ഉദ്ധരിക്കാൻ കഴിയുന്ന ഒരു വ്യക്തമായ പോയിന്റായിരുന്നു അത്. ഇത്തരമൊരു സാഹചര്യത്തിൽ മിക്ക സിനിമാക്കാരും അശ്രദ്ധമായും അബോധാവസ്ഥയിലുമാണ് അങ്ങനെ ചെയ്യുന്നത്. ഏറ്റവും 'ബൂർഷ്വാ' സിനിമാ നിർമ്മാതാക്കൾ പോലും, ഏറ്റവും കൊമേഴ്സ്യൽ അല്ലെങ്കിൽ അവരുടെ നേർവിപരീതങ്ങൾ എല്ലാം അത് ചെയ്യും. അതുകൊണ്ടാണ് ഒരാൾ അവനെ ഓർമ്മിക്കേണ്ടത്, അവൻ ചെയ്തതെന്താണെന്ന് ഓർക്കണം, അത് ആവർത്തിക്കരുത്. അങ്ങനെ ആ സീക്വൻസ് ഷൂട്ട് ചെയ്യുമ്പോൾ ഞാൻ അവനെ ഓർത്തു, ഒരു പ്രാർത്ഥന പോലെ. ഐസൻസ്റ്റൈൻ അങ്ങനെ ചെയ്തുവെന്നു പറയാതിരിക്കാനും അവനെ മാത്രം അങ്ങനെ ചെയ്യട്ടെ. അതുകൊണ്ടാണ് തരംഗിലെ ആ പ്രത്യേക സീക്വൻസിൽ എനിക്ക് വളരെ സന്തോഷം തോന്നുന്നത് . അതിന് ഒരു അർത്ഥത്തിലും ഐസൻസ്റ്റീന്റെ അനുകരണമില്ല.

ചലച്ചിത്ര വിമർശകരും സിനിമാപ്രേമികളും സഹാനിയെ പലപ്പോഴും പിയർ പൗലോ പസോളിനി, ആന്ദ്രേ ടാർകോവ്സ്കി, ജാക്വസ് റിവെറ്റ് തുടങ്ങിയ ചലച്ചിത്ര പ്രവർത്തകരുമായി ബന്ധപ്പെടുത്തിയാണ് വിശകലനം ചെയ്യാറുള്ളത്. ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ അദ്ധ്യാപകൻ എന്ന നിലയിലും സിനിമയുടെ സൈദ്ധാന്തികൻ എന്ന നിലയിലും ശ്രദ്ധേയമായ സംഭാവനകളാണ് നൽകിയത്..

1976 മുതൽ 1978 വരെ, മഹാഭാരതത്തിന്റെ ഇതിഹാസ പാരമ്പര്യം, ബുദ്ധമത പ്രതിമകൾ, ഇന്ത്യൻ ശാസ്ത്രീയ സംഗീതം, ഭക്തി പ്രസ്ഥാനം എന്നിവയെക്കുറിച്ച് സഹാനി പഠിക്കുന്നുണ്ട്. ഇന്ത്യയുടെ ആർക്കൈവിംഗ് ആൻഡ് റിസ്റ്റോറേഷൻ സംരംഭമായ ഫിലിം ഹെറിറ്റേജ് ഫൗണ്ടേഷനിലും സഹാനി പങ്കാളിയായിരുന്നു. ഋത്വിക് ഘട്ടകിന്റെ സ്വാധീനവും സഹാനിയിൽ കണ്ടെത്താനാകും.

മരണം

ഗ്ലാസ് പാളി, മൻമദ് പാസഞ്ചർ, ഒരു നിശ്ചിത ബാല്യം, ലോകത്തിനായുള്ള റെയിലുകൾ, വസ്ത്ര, മായ ദർപ്പൺ , വയറിലെ തീ, നമ്മുടെ പ്രപഞ്ചം, ഭാവിയുടെ ഒരു ഓർമ്മക്കുറിപ്പ്, കളിയുടെ നിയമങ്ങൾ, തരംഗ്, ഒരു കപ്പൽ ഗ്രൗണ്ട്, ഖയാൽ ഗാഥ, കസ്ബ, വന്തരണ, ചാർ അധ്യായ്, മുള ഓടക്കുഴൽ/ബിരാഹരിയോ ഘർ അംഗൻ കോൺ, കാക്ക പറക്കുമ്പോൾ, ഛാപഖാന, പ്രിയേ ചാരുശീലേ എന്നിവയാണ് സഹാനിയുടെ സിനിമകൾ. മൂന്ന് തവണ വീതം ദേശീയ അവാർഡ്, ഫിലിംഫെയർ ക്രിട്ടിക്സ് അവാർഡ്, ദി ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് റോട്ടർഡാം ഫിപ്രസി അവാർഡ് (1990), പ്രിൻസ് ക്ലോസ് അവാർഡ് (1998) എന്നിവ ലഭിച്ചിട്ടുണ്ട്.

(ലേഖകൻ എഴുത്തുകാരനും അദ്ധ്യാപകനുമാണ്)



# തോന്നയ്ക്കലിൽ പുതിയ എം ആർ എസ്

തിരുവനന്തപുരം തോന്നയ്ക്കലിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം മന്ത്രി കെ രാധാകൃഷ്ണൻ നിർവ്വഹിച്ചു. ഭക്ഷ്യ മന്ത്രി ജി.ആർ അനിൽ അധ്യക്ഷനായിരുന്നു. തൊഴിൽ സാധ്യത ഏറെയുള്ള എയർപോർട്ട് മാനേജ്മെന്റ്, എയർ ഹോസ്റ്റസ്, ലോജിസ്റ്റിക്സ് തുടങ്ങി വൈവിധ്യമാർന്ന പരിശീലന പദ്ധതികളും ഇവിടെ ആരംഭിക്കും.

ടെക്നോപാർക്ക്, ഡിജിറ്റൽ യൂണിവേഴ്സിറ്റി, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾക്ക് അടുത്താണ് എം ആർ എസ്. അതുകൊണ്ടു തന്നെ പ്രഫഷണൽ വിദ്യാഭ്യാസ രംഗത്ത് ഒരു മുതൽക്കൂട്ടാകും ഈ സ്ഥാപനം.




# ഡോ. ശരണ്യ മോഹനനെ ആദരിച്ചു

കട്ടപ്പന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ നേതൃത്വത്തിൽ 'ഉണർവ്' എന്ന ആപ്ത വാക്യത്തോടെ കരിയർ ഗൈഡൻസ് ക്ലാസ്സും, എം ബി ബി എസ് ഫസ്റ്റ് ക്ലാസ്സോടെ പാസ്സായ ഡോ. ശരണ്യ മോഹനനെ ആദരിക്കലും നടത്തി. ഐ ടി ഡി പി ഇടുക്കി പ്രൊജക്റ്റ് ഓഫീസർ അധ്യക്ഷത വഹിച്ചു. കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി പി ജോൺ ഉദ്ഘാടനം ചെയ്തു. വരും തലമുറകൾക്ക് പ്രചോദനകരമാകും വിധം കണ്ണംപടി എന്ന പട്ടിക വർഗ്ഗ മേഖലയിൽ നിന്നും എം ബി ബി എസ് ഫസ്റ്റ് ക്ലാസ്സ് പാസ്സായ ഡോ. ശരണ്യ മോഹനനെ മൊമെന്റോ നൽകി ആദരിച്ചു. മുൻ പൊതു വിദ്യാഭ്യാസ ജോയിന്റ് ഡയറകടറും, രാഷ്ട്ര പതിയിൽ നിന്നും അവാർഡ് നേടിയ ഡോ. കെ സോമൻ വിദ്യാഭ്യാസ രംഗത്തെ അനന്ത സാധ്യതകളെക്കുറിച്ച് കുട്ടികൾക്ക് കരിയർ ഗൈഡൻസ് ക്ലാസെടുത്തു. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്ലസ്ടു, പത്താം ക്ലാസ് പാസ്സായ കുട്ടികൾ പങ്കെടുത്തു.




കേരള പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപറേഷന്റെ രണ്ടാമത്തെ സബ് ഓഫീസ് തൃശൂരിൽ ഉദ്ഘാടനം ചെയ്തു. മന്ത്രി കെ രാധാകൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു. പട്ടികജാതി പട്ടിക വർഗ വികസന കോർപറേഷൻ ചെയർമാൻ യു.ആർ. പ്രദീപ് അധ്യക്ഷനായിരുന്നു. കോട്ടയം ആസ്ഥാനമായ കോർപറേഷന്റെ ആദ്യ സബ് ഓഫീസ് കഴിഞ്ഞ ജനുവരിയിൽ മാവേലിക്കരയിലാണ് ആരംഭിച്ചത്. 3 സബ് ഓഫീസുകൾ കൂടി ഉടനെ ആരംഭിക്കും.

വിവിധ വായ്പാ പദ്ധതികളിലൂടെ കോർപറേഷന്റെ പ്രവർത്തനം കേരളത്തിന്റെ എല്ലാ മേഖലയിലും എത്തിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി കെ രാധാകൃഷ്ണൻ പറഞ്ഞു.



# നൂറണിയിൽ പുതിയ ഹോസ്റ്റൽ

പാലക്കാട് നൂറണിയിൽ പോസ്റ്റ് മെട്രിക് പെൺകുട്ടികൾക്കായി പട്ടികവർഗ വികസന വകുപ്പ് ആരംഭിക്കുന്ന ഹോസ്റ്റലിന്റെ നിർമാണ പ്രവൃത്തികൾ ഉദ്ഘാടനം ചെയ്തു. മന്ത്രി കെ രാധാകൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു.

പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ബിനുമോൾ, ജില്ലാ കലക്ടർ ഡോ. എസ് ചിത്ര തുടങ്ങിയവർ സംസാരിച്ചു. ഹോസ്റ്റൽ പൂർത്തിയാകുന്നതോടെ ഉന്നത വിദ്യാഭ്യാസത്തിനെത്തുന്ന നൂറുകണക്കിന് വിദ്യാർത്ഥിനികൾക്ക് സുരക്ഷിതമായ താമസ സ്ഥല സൗകര്യങ്ങൾ ലഭ്യമാകും.



# മൂന്നാം വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് പുറത്തിക്കി കേരള സർക്കാർ

ഈ സർക്കാരിന്റെ മൂന്ന് വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്ത 900 ഉറപ്പുകളിൽ എന്തൊക്കെ നടപടികളെടുത്തുവെന്ന് വിശദമാക്കുന്നതാണ് റിപ്പോർട്ട്. പ്രോഗ്രസ് റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു. വാഗ്ദാനങ്ങൾക്ക് പുറമേ 28 പദ്ധതികൾ കൂടി സർക്കാർ നടപ്പിലാക്കി. ജനത ബസ്, കുടുംബശ്രീ ലഞ്ച് ബോക്സ്, വിള ഇൻഷുറൻസ്സുരക്ഷ, സോളാർ

## കാഞ്ഞങ്ങാട് അത്തിയടുക്കം ഗ്രാമത്തിന് റോഡായി

കാഞ്ഞങ്ങാട് കേട്ടഞ്ചേരി വനാതിർത്തിയിലെ അത്തിയടുക്കം മേഖലയിലേക്ക് മികച്ച റോഡ് സാക്ഷാത്കരിക്കപ്പെട്ടു. പട്ടിക വർഗ ഉപപദ്ധതിയിലുൾപ്പെടുത്തിയാണ് റോഡ് നിർമ്മിച്ചത്.

ഇനി മുതൽ സ്കൂളിലേക്കുള്ള വിദ്യാ വാഹിനി വാഹനം വീടിനു സമീപം എത്തുമെന്നുള്ള സന്തോഷത്തിലാണ് രക്ഷിതാക്കളും കുട്ടികളും.



സിറ്റി പദ്ധതി, സ്മാർട്ട് ട്രാവൽ കാർഡ് എന്നിവ അവയിൽ ചിലതു മാത്രം. ലൈഫ് ഭവന പദ്ധതിയിൽ 4 ലക്ഷം കുടുംബങ്ങൾക്ക് വീട് നല്കി.

ദേശീയ പാതയും തീര മലയോര പാതകളുടേയും പണി പുരോഗമിക്കുകയാണ്. പി.എസ്. സി. വഴി റെക്കോർഡ് നിയമനമാണ് ഈ കാലയളവിൽ സർക്കാർ നല്കിയത്. രണ്ട് ലക്ഷം സംരംഭം വഴി അഞ്ചു ലക്ഷം തൊഴിൽ നല്കി. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അരലക്ഷം കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നല്കി. മൂന്നു ലക്ഷത്തിലധികം പട്ടയങ്ങൾ നല്കി.

ഈ സർക്കാരിന്റെ അഭിമാന പദ്ധതിയായ അതി ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നേറുകയാണ്.

**ഉന്നതി ദ്വൈമാസികയിലേക്ക് കുട്ടികളടക്കമുള്ള**
**എഴുത്തുകാരിൽനിന്നും സൃഷ്ടികൾ ക്ഷണിക്കുന്നു.**
**കഥ, കവിത, ലേഖനങ്ങൾ എന്നിവയുടെ സോഫ്റ്റ്കോപ്പി unnathimasika.cpo@gmail.com**
**എന്ന ഇമെയിലിലേക്ക് അയയ്ക്കുക.**
**സൃഷ്ടികളോടൊപ്പം എഴുത്തുകാരുടെ മേൽവിലാസവും ഫോട്ടോയും ചേർക്കേണ്ടതാണ്.**

**തപാൽ വിലാസം ചുവടെ കൊടുക്കുന്നു**

**എഡിറ്റർ, ഉന്നതി ദ്വൈമാസിക, ചീഫ് പബ്ലിസിറ്റി ഓഫീസ്,**
**അയ്യങ്കാളി ഭവൻ, കനകനഗർ, കവടിയാർ പി.ഒ, വെള്ളയമ്പലം,**
**തിരുവനന്തപുരം 695 003, ഫോൺ: 0471-2737213, 2737214, 8113904202**



# ചരിത്രം തിരുത്തിയ ഉത്തരവുമായി ദേവസ്വം വകുപ്പ്

### ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക അനധ്യാപക നിയമനങ്ങളിൽ ഇനി PSC മാതൃകയിലുള്ള സംവരണം

ചരിത്രം തിരുത്തിയ ഉത്തരവുമായി ദേവസ്വം വകുപ്പ്. ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകഅനധ്യാപക നിയമനങ്ങളിൽ PSC മാതൃകയിലുള്ള സംവരണം നടപ്പാക്കാൻ ഉത്തരവിട്ടാണ് കേരളം ഇന്ത്യയ്ക്ക് വീണ്ടും മാതൃകയായത്.

ദേവസ്വം മന്ത്രി കെ രാധാകൃഷ്ണന്റെ പ്രത്യേക ഇടപെടലിലൂടെയാണ് സാമൂഹികനീതി കൈവരിക്കാനുള്ള ലക്ഷ്യത്തിലേക്ക് ഒരു പടി കൂടി അടുക്കുന്നത്.

മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ യോഗമാണ് ഈ തീരുമാനമെടുത്തത്. തുടർന്ന് തീരുമാനം അംഗീകരിച്ച് സർക്കാർ ഉത്തരവ് ഇറക്കുകയായിരുന്നു. തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ, മലബാർ, കൂടൽ മാണിക്യമടക്കം കേരളത്തിലെ അഞ്ച് ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള 31 എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് സംവരണ തത്വം നടപ്പാക്കുക.

ഈ ഉത്തരവോടെ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള വിദ്യാദ്യാസ സ്ഥാപനങ്ങളിലെ നിയമനത്തിൽ സാമൂഹ്യനീതി ഉറപ്പിക്കാൻ സാധിക്കുമെന്നും മന്ത്രി കെ രാധാകൃഷ്ണൻ പറഞ്ഞു.

ആകെ 733 തസ്തികകളാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ളത്. തിരുവിതാംകൂർ ദേവസ്വത്തിൽ സ്കൂളുകളിൽ 271 ഉം കോളേജുകളിൽ 184 ഉം തസ്തികയുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിൽ സ്കൂളിൽ 17 ഉം കോളേജിൽ 113 മാണ് തസ്തികകൾ. ഗുരുവായൂർ ദേവസ്വത്തിൽ സ്കൂളുകളിൽ 72 ഉം കോളേജിൽ 76 ഉം തസ്തികകളുണ്ട്.

കൂടൽമാണിക്യത്തിലും മലബാർ ദേവസ്വത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ തയ്യാറാക്കി ദേവസ്വം ബോർഡുകൾ നിയമനം നടത്തും.

1. സൂര്യന്റെ 70% ഏത് വാതകമാണ് ?

2. ആസ്ത്രലോപിത്തെക്കസിന്റെ ഫോസിൽ കണ്ടെടുത്ത രാജ്യം?

3. 1957 മാർച്ച് 22 ന് ഇന്ത്യ അംഗീകരിച്ച ദേശീയ കലണ്ടർ?


4. ലോഗരിതം കണ്ടുപിടിച്ചത് ആരാണ്?



5. കാറ്റിന്റെ വേഗത അളക്കുന്ന ഏകകം ?

6. 1917 ലെ റഷ്യൻ വിപ്ലവത്തോടെ സ്ഥാനം നഷ്ടപ്പെട്ട രാജവംശം ?

7. കാറ്റാടി യന്ത്രങ്ങളോട് യുദ്ധം ചെയ്യുന്ന കഥാപാത്രത്തെ സൃഷ്ടിച്ച സ്പാനിഷ് എഴുത്തുകാരനും കൃതിയും ?




8. കോഴിക്കോടിനെയും സാമൂതിരിയെയും ആദ്യമായി പരമാർശിച്ച സഞ്ചാരി?

9. രാജ്യസഭാംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ട മലയാളത്തിലെ ഏക കവി?



10. മലയാളവും സംസ്കൃതവും ഉപയോഗിച്ചുകൊണ്ടുള്ള മിശ്രഭാഷയുടെ പേര്?

11. വിജയനഗ സാമ്രാജ്യത്തിന്റെ അവശിഷ്ടങ്ങൾ കാണപ്പെടുന്ന ഹംപി ഇന്ത്യയിലെ ഏത് സംസ്ഥാനത്താണ്?

## ഉത്തരങ്ങൾ

1. ഹൈഡ്രജൻ
2. എത്യോപ്യ
3. ശകവർഷ കലണ്ടർ
4. ജോൺ നേപ്പിയർ
5. ബ്യൂഫോർട്ട് സ്കെയിൽ
6. റോമനോവ്
7. എഴുത്തുകാരൻ: സെർവാന്റിസ്. കൃതി: ഡോൺ ക്വിക്സോട്ട്
8. ഇബ്നു ബത്തൂത്ത
9. ജി.ശങ്കരക്കുറുപ്പ്
10. മണിപ്രവാളം
11. കർണ്ണാടക

തയ്യാറാക്കിയത് : അനീസ ഇഖ്ബാൽ

കവിത



# വെല്ലാൻ തടസ്സങ്ങളേറെയുണ്ട്

**സുഗതകുമാരി വി കെ**
+2 സയൻസ്
ഡോ അംബേദ്കർ മെമ്മോറിയൽ
MRS കട്ടേല

അക്ഷരം വിതറിയ പുസ്തകത്താളുകൾ
വരും നാളെലന്നെ തിരുത്തിയേക്കാം,
ആധുനികതയ്ക്കും എന്നെത്തിരുത്തുവാൻ
അവസരമേറെ ലഭിച്ചിരിക്കാം

നിന്നെ പ്രതീക്ഷിച്ച നനവാർന്ന പകലുകൾ
വെറുതെയാണിന്നെന്നറിയുന്ന ഞാൻ
കനവിന്റെ പാടത്ത് വിത്തെറിഞ്ഞെന്നെ
കതിർ കൊയ്യുവാനായ് കാക്കണം വിശ്വം

നിമിഷങ്ങളെണ്ണിത്തിരിക്കിട്ടു പായുന്ന
പാതയോരം നിന്നരുകുന്ന ഞാൻ
നിൻ പാദുകങ്ങൾ - നിൻ മുദ്ര ചാർത്തിയ
വീഥികളിൽ ഞാൻ നിന്നെത്തിരഞ്ഞു.

ഇനിയുമേറെ കൊതിക്കുന്നുണ്ടെൻ മനം
നീയുമായുള്ളൊരാ വേളകളെ
സാധ്യമല്ലെന്നറിഞ്ഞിട്ടുന്നെങ്കിലും
എന്തോ പ്രതീക്ഷ പുൽനാമ്പിടുന്നു.



**ആശ എം**
+2 സയൻസ്
ഡോ അംബേദ്കർ
മെമ്മോറിയൽ
MRS കട്ടേല





# ഉന്നതി



## പട്ടികജാതി–പട്ടികവർഗ, പിന്നാക്ക വിഭാഗ വികസന, ദേവസ്വവും പാർലമെന്ററികാര്യ വകുപ്പുകളുടെ വികസന പദ്ധതികൾ ബഹുഭാഷകളിൽ

**Fulfilling the promises...**
**Changing life**
**more Colourful...**



# UNNATHI

**Decorated with comprehensive development schemes to uplift the marginalised people**

Scheduled Castes Scheduled Tribes
Backward Classes Development Devaswoms
Parliamentary Affairs Department
Government of Kerala



കേരള സർക്കാർ

Printed and Published by K. Gopalakrishnan IAS, Director, Scheduled Caste Development Department, Govt. of Kerala.
Editor: Rajesh Chirappadu. Printed at Government Press, Thiruvananthapuram. Private Circulation only